
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 04 No. 15 THE ONLINE OFFICIAL NEWS BULLETIN 2021 April 10

LITURGICAL CALENDAR 2020-21

SEASON OF RESURRECTION (4th April, 2021 - 22nd May, 2021)

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
11  ♪8/1 hadbsabo botar qyomto New (Thomas) Sunday (1st Sunday after Easter) Faith Declaration Sunday (Faith of St. Thomas - My Lord & My God)	12  ♪5 8th Mem. Geevarghese Mar Ivanios (Njaliyakuzhi Dayara) ✠	13 ♪1	14 ♪5	15 ♪1	16   ♪5 335th Mem. of Mar Thoma II ✠ (Niranam Valiya Palli) 205th Mem. of Mar Thoma VIII ✠ (Puthencavu)	17  ♪1 70th Mem. of "Catholicate Ratnadeepam" Geevarghese Mar Philexinos ✠ (Puthencavu)

മണർകാട് പള്ളിയെ സംബന്ധിച്ച കോട്ടയം സബ് കോടതിവിധി നിലനിൽക്കും: ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ്

പാമ്പാടി: കോട്ടയം മെത്രാസനത്തിലെ മണർകാട് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളികേസുമായി ബന്ധപ്പെട്ട് കോട്ടയം മുൻസിഫ് കോടതിയിൽ നിന്ന് ഉണ്ടായ വിധി സംബന്ധിച്ച് തെറ്റിദ്ധാരണാജനകമായ വാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത് എന്ന് മലങ്കര ഓർത്തഡോക്സ് സഭാ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്ത.

ഈ പള്ളിയെ സംബന്ധിച്ച് ഓ. എസ്. 7/2019 കേസിൽ 2020 സെപ്തംബർ 18 ന് കോട്ടയം സബ്ക്കോടതിയിൽ നിന്ന് വിധി തീർപ്പ് ഉണ്ടായിട്ടുള്ളതാണ്. പള്ളി ഭരണത്തിന് റിസീവറെ നിയമിക്കണം എന്നാവശ്യപ്പെട്ടു കോട്ടയം മുൻസിഫ് കോടതിയിൽ നൽകിയ ഹർജിയിന്മേലാണ് ഇപ്പോൾ വിധിയുണ്ടായിരിക്കുന്നത്. കോട്ടയം സബ്കോടതിയുടെ വിധി നിലനിൽക്കുന്നതിനാൽ അതിന്റെ നടത്തിപ്പ് അല്ലാതെ ഇപ്പോൾ ഒരു പുതിയ കേസിന്റെ ആവശ്യമില്ലന്നതാണ് മുൻസിഫ് കോടതി നിർദ്ദേശിച്ചിരിക്കുന്നതായാണ് മനസ്സിലാക്കുന്നത്. വിധിയുടെ പകർപ്പ് ലഭിച്ചതിന് ശേഷം വരും ദിവസങ്ങളിൽ ഇതു സംബന്ധിച്ച് കൂടുതൽ വ്യക്തമായ അറിയിപ്പ് ഉണ്ടായിരിക്കുമെന്ന് അദ്ദേഹം പറഞ്ഞു.


Dr Yuhanon Mar Diascoros Metropolitan voted at St. Thomas Govt LP school Thrippilazhikom - Kundara



നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ 'വിശ്വാസ പ്രഖ്യാപന പെരുന്നാൾ'


എന്റെ കർത്താവും എന്റെ ദൈവവുമേ എന്ന് നമ്മുടെ പിതാവും ഭാരതത്തിന്റെ അപ്പോസ്തോലനുമായ വി. മാർത്തോമ്മാശ്ലീഹാ, ഉയിർത്തെഴുന്നേറ്റ യേശു ക്രിസ്തുവിൻറെ മുമ്പിൽ തന്റെ മഹാവിശ്വാസ പ്രഖ്യാപനം നടത്തിയ സംഭവമാണ് ഇന്ന് പരിശുദ്ധ സഭ അനുസ്മരിക്കുന്നത്.

പുതുഞ്ഞായർ ഉയിർപ്പ് പെരുന്നാളിന് ശേഷമുള്ള ആദ്യ ഞായറാഴ്ച


Officials of Kristi Jayanti MGOCSM Visited H G. Dr. Abraham Mar Seraphim Thirumeni for Releasing the unit Logo. Donated the amount collected from students as Lenten Lights (Upavaasa Micham) for Makkal Mana.

ആരാധനാ കലണ്ടർ

“നിങ്ങൾക്കു സമാധാനം; പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു; നിങ്ങൾ പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ”




ഡോ. ഗീവർഗീസ് മാർ യൂലിയോസ്

വാത്സല്യ ദൈവമക്കളേ,

ദൈവത്തിന്റെ വലിയ കൃപയാൽ പുനരുത്ഥാന പെരുന്നാളും അനുബന്ധ പെരുന്നാൾ ദിനങ്ങളായ വെണ്മയുടെ ഹേവോറോ ദിനങ്ങളും ആഘോഷിപ്പാൻ ഒരിക്കൽ കൂടെ ഇടയായയല്ലോ. അവന്റെ മനുഷ്യാവതാര വ്യാപാരത്തിലെ മഹാ കരുണയ്ക്കായി അവനെ സ്തുതിക്കാം.

ഉയിർപ്പുപെരുന്നാളിനു ശേഷമുള്ള ആദ്യ ഞായറാഴ്ചയെ ‘പുതു ഞായറാഴ്ച’ എന്ന് പ. സഭാപിതാക്കന്മാർ വിളിക്കുന്നു. പുനരുത്ഥാനത്തിൽ ഞായറാഴ്ചയ്ക്ക് അഥവാ ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിന് ഉണ്ടാകുന്ന ബഹുമാന്യ അവസ്ഥയെയും ആ ദിവസത്തിന്റെ വേദശാസ്ത്ര പ്രത്യേകതകളെയും ഉൾക്കൊണ്ടുകൊണ്ടാണ് ഈ നാമകരണം.



ഇതുവരെയും ഞായറാഴ്ച എന്നാൽ സൃഷ്ടി ആരംഭിച്ച ദിനം, ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ എന്ന അർത്ഥമായിരുന്നുവെങ്കിൽ ഇപ്പോൾ അത് പുനരുത്ഥാനം എന്ന മഹത്തായ പ്രതിഭാസം സംഭവിച്ച് പ. സഭയുടെ ഏറ്റവും വലിയ പെരുന്നാൾ ദിനമായി (കൃംതാ) മാറിയിരിക്കുന്നു.

ആറ് ദിവസങ്ങൾ കൊണ്ട് സ്രഷ്ടാവായ ദൈവം സകലത്തെയും സൃഷ്ടിച്ചുവെന്നും ഏഴാം ദിവസം സൃഷ്ടാവും സൃഷ്ടിയും വിശ്രമിക്കുകയും ആ ദിവസത്തെ ശബ്ബത്ത് – ഏഴാം നാൾ – യഹോവയ്ക്ക് വിശുദ്ധം എന്ന് പഠിപ്പിച്ചുവെന്നും പഴയനിയമ പുസ്തകങ്ങളിൽ ഉടനീളം നാം കാണുന്നു. അങ്ങിനെ ഏഴു ദിവസത്തെ ആഴ്ചവട്ടം പൂർത്തിയാക്കി വീണ്ടും ഞായറാഴ്ച വരുമ്പോൾ ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ എന്ന് അതിനെ വിളിക്കുകയും ചെയ്യുന്നു.

എന്നാൽ ഉല്പത്തി പുസ്തകം മുതൽതന്നെ എട്ടാംനാൾ എന്ന ഒരു പദപ്രയോഗം നാം കാണുന്നുണ്ട്. എട്ടാംനാൾ പരിച്ഛേദന എന്ന ചേലാകർമ്മം നടത്തി ആൺപ്രജകളെ യഹോവയ്ക്ക് വിശുദ്ധ ജനമായി വേർതിരിക്കണമെന്നും അവനുമായി ഉടമ്പടി ബന്ധത്തിൽ വളരണമെന്നുമുള്ള പ്രമാണം അബ്രഹാമിലും അവന്റെ സന്തതികളിലും ആരംഭിക്കുന്നു (ഉല്പത്തി 17). എട്ടാംനാൾ വിശുദ്ധമായ സഭായോഗം കൂടണം എന്നിങ്ങനെയുള്ള നിർദ്ദേശങ്ങളും കാണാം.

എട്ടാംനാളിന്റെ പ്രത്യേകത യഹൂദ വേദശാസ്ത്രിമാർക്ക് ഇന്നും അജ്ഞാതമാണ്; എന്നാൽ പ. സഭാപിതാക്കന്മാർ ആയതിനെ പുനരുത്ഥാന പെരുന്നാളിന്റെ പശ്ചാത്തലത്തിൽ മനോഹരമായി വ്യാഖ്യാനിക്കുന്നു. പുനരുത്ഥാനം എന്നാൽ രക്ഷകനായ ക്രിസ്തുവിൽ ഉണ്ടാകുന്ന പുതിയ യുഗത്തിന്റെ അനുഭവമാണ്. പരിച്ഛേദന മൂലമുള്ള രക്ത ഉടമ്പടിയാൽ അബ്രഹാമും അവന്റെ സന്തതിപരമ്പരകളും യഹോവയുടെ വിശുദ്ധ ജനമെന്നും യഹോവ അവരുടെ ദൈവമെന്നുമുള്ള പ്രമാണം സ്ഥാപിതമാകുന്നു. ആ വാഗ്ദാനത്തിന്റെ പൂർത്തീകരണമാണ് പുനരുത്ഥാന പെരുന്നാളിൽ സംഭവിക്കുന്നത്. പുനരുത്ഥാനം സംഭവിച്ചത് ആഴ്ചവട്ടത്തിന്റെ പൂർത്തീകരണത്തിനു ശേഷം എട്ടാംനാളിലാണ് എന്ന് ഓർക്കണം. അവിടെ യഹോവയുടെ വാഗ്ദാനം പൂർത്തീകരണം പ്രാപിച്ച് മശിഹാ എന്ന രക്ഷകനിൽ പുതിയ ആകാശവും പുതിയ ഭൂമിയും അഥവാ പഴയത് മാറ്റപ്പെട്ട് പുതിയനിയമവും സംജാതമാകുന്നു. ആകയാൽ ഞായറാഴ്ച ഇനിയും ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ മാത്രമല്ല; പൂർത്തീകരണത്തിന്റെയും പുതുമയുടെയും എട്ടാംനാൾ കൂടെയാണെന്ന് പിതാക്കന്മാർ സമർത്ഥിക്കുന്നു. (കൃംതാ ഞായറാഴ്ചയിൽ സന്ധ്യ മുതൽ രാത്രിയുടെ രണ്ടാം കൗമ്മാ വരെ എട്ടാം രാഗവും തുടർന്ന് ഒന്നാം രാഗവും ഉപയോഗിക്കുന്നതിന്റെ കാരണവും ഇതാണ്; എന്നു മാത്രവുമല്ല എട്ടാം രാഗം തന്നെ പുനരുത്ഥാന പെരുന്നാളിൽ ആരംഭിച്ച് വരുവാനിരിക്കുന്ന പുതിയ ജീവന്റെ സൂചനയുമാണെന്ന് ഇവിടെ ഓർക്കാം.)

യാക്കോബിന്റെ മകനായ യൗസേപ്പിനെ മിസ്രയിമിന്റെ പുതിയ ഭരണാധികാരിയായി ഫറവോൻ അംഗീകരിച്ച് വാഴിക്കുന്ന ഭാഗമാണ് പുതു ഞായറാഴ്ചയിലെ ആദ്യ പഴമ വായന (ഉല്പത്തി 41.41–46). ക്രിസ്തുവിൽ ആരംഭിക്കുന്ന പുതിയ വ്യവസ്ഥിതി എന്ന ആശയം ഇവിടെ വ്യക്തമായും സൂചിപ്പിക്കുന്നു. ‘സാപ്നത്ത് പനേഹ്’ എന്ന ഈജിപ്ഷ്യൻ പദത്തിന് ‘ജീവന്റെ അപ്പം’ എന്ന് അർത്ഥം എന്ന് കാണുമ്പോൾ നാം അത്ഭുതപ്പെടുന്നു. തന്റെ ശരീരവും രക്തവും മനുഷ്യകുലത്തിന് നൽകി അവനെ ജീവനിലേയ്ക്ക് അഥവാ നാശമില്ലായ്മ എന്ന നിത്യതയിലേയ്ക്ക് ക്രിസ്തു ക്ഷണിക്കുന്നു. ‘സാപ്നത്ത് പനേഹ്’ എന്ന പദത്തിന് ലോകോത്തര വേദപുസ്തക വ്യഖ്യാതാവായ വി. ജറോം ‘ലോകത്തിന്റെ രക്ഷകൻ’ എന്നാണ് അർത്ഥം നൽകിയിരിക്കുന്നത്. രക്ഷയുടെ ഈ വലിയ പെരുന്നാളാണ് ഒന്നാം നാളും എട്ടാം നാളുമായ ഞായറാഴ്ചകളിൽ വി. സഭ ആചരിക്കുന്നത് എന്ന് സാരം. പുതു ഞായറാഴ്ചയുടെ വേദഭാഗങ്ങൾ എല്ലാം ഈ തത്വം പഠിപ്പിക്കുന്നു.

ഏലിയാ പ്രവാചകൻ കർമ്മേൽ മലമേൽ നടത്തുന്ന യാഗമാണ് അടുത്ത വായനാഭാഗം (1 രാജാ. 18.36–40). “യഹോവേ എനിക്ക് ഉത്തരമരുളേണമേ” എന്ന പ്രാർത്ഥനയുടെ മുന്നിൽ സ്വർഗ്ഗം തുറക്കപ്പെട്ട് യാഗപീഠത്തിന്മേൽ അഗ്നി ഇറങ്ങി അതിനെ ശുദ്ധീകരിക്കുന്നു. ബാലിന്റെ വിഗ്രഹങ്ങളും പ്രവാചകന്മാരും പുരോഹിതന്മാരും അസ്തമിക്കുമ്പോൾ യഹോവയിലുള്ള സത്യവിശ്വാസമുള്ള ഒരു ജനത വേർതിരിക്കപ്പെടുന്നു. എട്ടാംനാളിന്റെ അനുഭവമാണ് ഇവിടെയും സൂചകം.

യെശയ്യാ പ്രവാചകനാകട്ടെ ക്രിസ്തുവിൽ സംഭരിച്ച ഈ എട്ടാംനാളിനെയും സുവിശേഷത്തെയും പ. സഭയെയും കുറിച്ച് വ്യക്തമായ വാക്കുകളിൽ പ്രവചിച്ചു പറഞ്ഞിരിക്കുന്നു: ‘സുവാർത്ത ദൂതിയായ സീയോനേ, നീ ഉയർന്ന പർവ്വതത്തിലേയ്ക്കു കയറി ചെല്ലുക; നിന്റെ ശബ്ദം ശക്തിയോടെ ഉയർത്തുക; ഭയപ്പെടാതെ ഉയർത്തുക; യഹൂദാ നഗരങ്ങളോട് ഇതാ നിങ്ങളുടെ ദൈവം എന്ന് പറയുക. “അവൻ ബലവാനായി വരുന്നുവെന്നും കൂലി അവന്റെ പക്കലും പ്രതിഫലം അവന്റെ കയ്യിലും ഉണ്ടെന്നും അവൻ ഒരു ഇടയനെപ്പോലെ തന്റെ ആട്ടിൻകൂട്ടത്തെ മേയിക്കയും കുഞ്ഞാടുകളെ ഭുജത്തിൽ എടുത്തു മാർവ്വിടത്തിൽ ചേർത്തു വഹിക്കയും ... എന്നിങ്ങനെ പോകുന്നു അതിമനോഹരമായ ആ വർണ്ണന (യെശയ്യാവ് 40.9–15).

ഈ പശ്ചാത്തലത്തിൽ വി. പത്രോസ് ശ്ലീഹായുടെ ഒന്നാം ലേഖനം വായിക്കുമ്പോൾ (2.19–25) അർത്ഥതലങ്ങൾ കൂടുതൽ വ്യക്തമാകുന്നു. ക്രിസ്തു സഹിച്ച കഷ്ടവും അവന്റെ കാൽചുവടു പിൻതുടരേണ്ടതിന്റെ ആവശ്യക

തയും ശ്ലീഹാ ഓർപ്പിക്കുന്നു. "നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിനു അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ടു ക്രൂശിൽ കയറി; അവന്റെ അടിപ്പിണരാൽ നമുക്ക് സൗഖ്യം ലഭിച്ചു' എന്ന് അദ്ദേഹം സാക്ഷിക്കുന്നു.

കൂടുതൽ തത്വചിന്താപരമായ വാക്കുകളിൽ ഇതേ കാര്യം പ. പൗലോസ് ശ്ലീഹാ റോമരോടും ഓർമ്മിപ്പിക്കുന്നു (റോമർ 6.12-23). പഴയ ന്യായപ്രമാണത്തിന്റെ ആക്ഷരികതയ്ക്കു പകരം യേശുക്രിസ്തുവിൽ പുതിയ പ്രമാണം ഉണ്ടാകുന്നു; അത് നിത്യജീവന് ആധാരമായി ഭവിക്കുന്നു എന്ന് അദ്ദേഹം പഠിപ്പിക്കുന്നു. അവനിലുള്ള പൂർണ്ണ വിശ്വാസമല്ലാതെ മറ്റൊരു മാർഗ്ഗം മുന്നിൽ കാണുന്നില്ല എന്ന സത്യവും ശ്ലീഹാ റോമാക്കാരിലൂടെ നമ്മെയും ഓർമ്മിപ്പിക്കുന്നു.

തുടർന്നാണ് പുതുഞായറാഴ്ചയുടെ കാതലായ വി. ഏവൻഗേലിയോൻ ക്രിസ്തു പൂർണ്ണ ദൈവവും ഏക കർത്താവുമാണ് എന്ന സത്യം ലോകത്തോട് സുവിശേഷിക്കുന്നത് (വി. യോഹന്നാൻ 20.19-31). വഴി ഏതെന്ന് കർത്താവിനോട് ആത്മാർത്ഥമായി തിരക്കുകയും അവനോടൊപ്പം മരണം വരെയും പോകേണ്ടത് നമ്മുടെ കടമയാണെന്ന് സഹശിഷ്യന്മാരെ പഠിപ്പിക്കുകയും ചെയ്ത ശ്ലീഹാ സഹശിഷ്യന്മാർ യഹൂദരെ ഭയന്ന് വാതിലടച്ച് അകത്തിരിക്കുമ്പോൾ അശേഷം ഭയം കൂടാതെ പുറത്തിറങ്ങി പുനരുത്ഥാനത്തിന്റെ പൊരുൾ തേടി നടന്നവനാണെന്ന് ഓർക്കണം. ക്രിസ്തുവിനെ കണ്ടുവെന്ന് സഹശിഷ്യന്മാർ പറഞ്ഞപ്പോൾ അദ്ദേഹം അല്പം കടുത്ത നിലപാടെടുത്തു: എനിക്ക് അവനെ കാണണം, അവന്റെ മുറിവുകളിൽ തൊടണം; സത്യം എന്തെന്ന് അറിഞ്ഞ് ഭയം കൂടാതെ അതിനെ അനുഗമിക്കണം.

വി. തോമ്മാ ശ്ലീഹായുടെ ആ ആഗ്രഹത്തിന്റെ മുന്നിലാണ് ഉത്ഥിതൻ വീണ്ടും പ്രത്യക്ഷപ്പെടുന്നത്; അവനോട് സംസാരിക്കുന്നത്, തെളിവ് നൽകുന്നത്, അവന്റെ അല്പ വിശ്വാസത്തിൽ അവനെ അല്പം ശാസിക്കുന്നത്. കണ്ട് വിശ്വസിച്ച ശ്ലീഹാ അവന്റെ മുന്നിൽ മുട്ടുകുത്തി: "എന്റെ കർത്താവും എന്റെ ദൈവവുമേ" എന്ന അപ്പോസ്തോലിക സത്യവിശ്വാസം പ്രഖ്യാപിച്ചു പറഞ്ഞു; സഹശിഷ്യന്മാരെ സത്യവിശ്വാസത്തിൽ ഉറപ്പിച്ചു. എല്ലാവരും ഉത്ഥിതനായ കർത്താവിന്റെ മുന്നിൽ മുട്ടുകുത്തി തോമ്മാ ശ്ലീഹാ പ്രഖ്യാപിച്ച വിശ്വാസം ഏറ്റുപറഞ്ഞുവെന്ന് ഈ ദിവസത്തെ സെദ്റാകളിൽ നാം വായിക്കുന്നു.

'തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ നീക്കുകയും തന്റെ ഉയിർപ്പു മൂലം പാപവീഴ്ചയിൽ നിന്നും ഞങ്ങളെ എഴുന്നേല്പിക്കുകയും അർത്ഥഗർഭമായ മാളികയിൽ വച്ച് തന്റെ ശിഷ്യന്മാർക്ക് സ്വയം പ്രത്യക്ഷനാകുകയും വാതിൽ അടച്ചിരിക്കെ അവരുടെ പക്കൽ കടന്നുവന്ന് തന്റെ കരതലങ്ങളെയും വിലാവിനെയും കാണിച്ച് തന്റെ പുനരുത്ഥാനത്തെപ്പറ്റി അവരെ ദൃഢീകരിക്കുകയും അവരിൽ നിന്നും ഭയത്തെ നീക്കി അവർക്ക് ശാശ്വത സമാധാനം നൽകുകയും ചെയ്ത കർത്താവേ, വി. തോമ്മാ ശ്ലീഹായെപ്പോലെ നിന്നിലുള്ള പൂർണ്ണ വിശ്വാസത്തിൽ ഞങ്ങളെ ഉറപ്പിക്കണമേ" എന്നാണ് ഈ ദിനങ്ങളിലെ പ്രാർത്ഥന.

"നിങ്ങൾക്കു സമാധാനം, പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" എന്ന് പറഞ്ഞ് കർത്താവ് അവരുടെ മേൽ ഊതി അവരോടു: പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ. ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവർക്ക് മോചിക്കപ്പെട്ടിരിക്കുന്നു; ആരുടെ പാപങ്ങൾ നിർത്തുന്നുവോ അവർക്ക് നിർത്തിയിരിക്കുന്നു' എന്ന് പറഞ്ഞു. വി. സഭയിൽ വൈദികർക്ക് പട്ടം കൊടുക്കുമ്പോൾ ഈ ഭാഗം പ്രധാന കാർമ്മികൻ ദർഗ്ഗായിൽ നിന്ന് വായിക്കുകയും സ്ഥാനാർത്ഥിയുടെ മുഖത്ത് ഊതി അവന് പരിശുദ്ധാത്മാവിനെ നൽകുകയും ചെയ്യുന്നത് വി. പട്ടംകൊട ശുശ്രൂഷയുടെ പ്രധാന ഭാഗങ്ങളിൽ ഒന്നാണ്.

പ്രിയമുള്ളവരേ,

പുതുഞായറാഴ്ചയുടെ ഈ എട്ടാം നാളിൽ നമ്മുടെ കാവൽപിതാവും ഭാരതത്തിന്റെ അപ്പോസ്തോലനും മലങ്കരസഭാ സ്ഥാപകനുമായ വി. മാർത്തോമ്മാ ശ്ലീഹായോടൊപ്പം ക്രിസ്തുവിനെ പൂർണ്ണമായി ഏറ്റുപറഞ്ഞ് പിൻപറ്റി സമാധാനത്തിന്റെ സുവിശേഷകരായി അവനാൽ അയയ്ക്കപ്പെട്ടവരായി ജീവിക്കുവാൻ അവൻ നമ്മെയും തുണയ്ക്കട്ടെ.

ക്രിസ്തുവിൽ നിങ്ങളുടെ ഇടയൻ.



ഹേവോറോ ശനിയാഴ്ച വി. ബലി അർപ്പിച്ചു

രാജസ്ഥാൻ: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അഹമ്മദാബാദ് ഭദ്രാസനത്തിൻകീഴിൽ ഉള്ള 'ജ്യോതിസ്സ് ആശ്രമ'ത്തിൽ ഹേറോവോ ശനിയാഴ്ച ഫീലിപ്പോസ് റമ്പാൻ വി. ബലി അർപ്പിച്ചു. ഹിന്ദി ഭാഷയിലാണ് ബലിയർപ്പണം നടന്നത്. ഡീക്കൻ ഗീവർഗ്ഗീസ് സാമുവേൽ, ഡീക്കൻ ഗീവർഗ്ഗീസ് തോമസ്, ബ്രദർ ജോയൽ മാത്യു എന്നിവർ സന്നിഹിതരായിരുന്നു.


"പിശാചിൽ നിന്നും കിട്ടുന്നതാണ് സ്വാർത്ഥത. ദൈവചിന്തയിൽനിന്നും ലഭിക്കുന്നതാണ് സ്നേഹം. വിശ്വാസം, പ്രത്യാശ, സ്നേഹം, ഇവയിൽ വലുത് സ്നേഹമാണ്. അതിനാൽ സ്നേഹത്തിന്റെ വേദശാസ്ത്രം വളർന്നു വരണമെന്ന് ചിന്തിക്കുന്നു. ആഗ്രഹിക്കുന്നു."

- ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ്

ഗീവർഗീസ് മാർ ഈവാനിയോസിന്റെ ഓർമപെരുന്നാൾ

ഞാലിയാകുഴി: കോട്ടയം ഭദ്രാസന മുൻ മെത്രാപ്പൊലീത്തയും ഞാലിയാകുഴി മാർ ബസേലിയോസ് ആശ്രമാധിപനും ആയിരുന്ന ഗീവർഗീസ് മാർ ഇവാനിയോസിന്റെ എട്ടാം ഓർമപ്പെരുന്നാൾ ഞായർ, തിങ്കൾ ദിവസങ്ങളിലായി ആചരിക്കും.

നാളെ കുർബാനയ്ക്ക് ഡോ. മാത്യൂസ് മാർ തിമോത്തിയോസ് കാർമികനായിരിക്കും. നാളെ സന്ധ്യാനമസ്കാരത്തെത്തുടർന്ന് ഡോ. ജോസഫ് മാർ ദിവന്നാസിയോസ് അനുസ്മരണ പ്രഭാഷണം നടത്തും. തിങ്കളാഴ്ച 7-ന് പ്രഭാത നമസ്കാരത്തെത്തുടർന്ന് കുർബാനയ്ക്ക് ഡോ. മാത്യൂസ് മാർ സേവേറിയോസ് കാർമികത്വം വഹിക്കും. പെരുന്നാൾ കർമങ്ങൾക്ക് കോട്ടയം ഭദ്രാസന സഹായ മെത്രാപ്പൊലീത്ത ഡോ. യൂഹാനോൻ മാർ ദിയസ്കോറസ് നേതൃത്വം നൽകും.



നിയമിതനായി

കേരള ആരോഗ്യ സർവ്വകലാശാല അക്കാദമിക് കൗൺസിൽ അംഗം ആയി ഡോ. ഈപ്പൻ ചെറിയാൻ നിയമിതനായി. ചെങ്ങന്നൂർ ഭദ്രാസനത്തിലെ ആറാട്ടുപുഴ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്. മുൻ ഫെഡറൽ ബാങ്ക് മനേജർ നല്ലോർമല വീട്ടിൽ ഈപ്പൻ ചെറിയാന്റെയും കൊട്ടാരക്കര സെന്റ് ഗ്രിഗോറിയോസ് കോളേജ് റിട്ട. പ്രിൻസിപ്പാൾ ലീലാമ്മയുടേയും മകനാണ്. ഭാര്യ സെറീന മക്കൾ - ക്രിസ്റ്റീന, അന്ന, മറിയം. സെന്റ് ഗ്രിഗോറിയോസ് ഡെന്റൽ കോളേജ് ഓറൽ പാതോളജി വിഭാഗം മേധാവി കൂടിയാണ്. നിലവിൽ ആരോഗ്യ സർവ്വകലാശാലയുടെ സെനറ്റ് മെമ്പറായി പ്രവർത്തിച്ച് വരുന്നു.

വിശുദ്ധിയുടെ ഹരിതശോഭ

ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ & ഫാ. സഖേർ

മലങ്കര സഭയിൽ മൗനത്തിന്റെ ലാവണ്യം പകർന്ന ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ (1940–2013) യാത്രാമൊഴിയാണിത്. താപസ വിശുദ്ധിയിലൂടെ ഭൗതികതയെ കീഴടക്കിയ ആ ജീവിതം സംവേദിപ്പിച്ചത് നിർലേപത്തിന്റെ വിശുദ്ധിയും ദൈവിക വളർച്ചയ്ക്കാവശ്യമായ ആത്മീയ ശിക്ഷണവുമാണ്.

വ്രതവിശുദ്ധിയിൽ സ്ഫുടം ചെയ്ത അദ്ദേഹത്തിന്റെ ജീവിതം ആഗോളവൽക്കരണവും മാധ്യമസംസ്ക്കാരവും സൃഷ്ടിച്ച പുത്തൻ ജീവിതശൈലിയുടെ ബദൽ മാതൃകയാണ്. വിശുദ്ധിയിൽ കരുത്താർജ്ജിക്കുവാൻ മൗനത്തിന്റെ ആദ്ധ്യാത്മീകത പ്രായോഗികമാക്കിയ ആത്മപരിത്യാഗിയാണ് ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ.

ഒരു പൂവ് വിരിയുംപോലുള്ള ജീവിതമാണ് ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടേത്. പൂവ് വിടരുന്നത് ശരിക്കും, സാധാരണ കണ്ണുകൾ കൊണ്ട് കാണാനാവില്ല. എന്നാൽ അതിന്റെ പരിമളം എത്രയധികമാണ് നമ്മുടെ ഉള്ളം നിറയ്ക്കുക. ദൈവനടത്തിപ്പിന്റെ ഇതളുകൾ മാത്രമുള്ള ഒരു പൂവ്. ഒരു പക്ഷേ താമര പോലെയൊന്ന്; ജലത്തിലാണെങ്കിലും ആണ്ടുപോകാതെ, എന്ന് മാത്രമല്ല ഒരു കണം പോലും തങ്ങിനിൽക്കാതെ നിർലേപമായ ഒന്ന്. ലോകം പുരളാത്തതും കാലം കലരാത്തതുമായ ഒന്ന്. ദൈവകരുണയുടെ ആ ജീവിതം നമ്മുടെ ഹൃദയങ്ങൾക്ക് സമ്മാനിക്കുക ശാന്തിയും ദൈവസ്നേഹവുമാണ്.

ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത പൊതുസമൂഹത്തിലെ വാദകോലാഹലങ്ങൾക്ക് കൂട്ടു നിൽക്കാറില്ല. പൊതുവേദികളിൽ നിന്നും കഴിവതും വഴുതി മാറും. ജീർണ്ണിച്ച ശബ്ദ ദൃശ്യ സംസ്ക്കാരങ്ങൾക്ക് അദ്ദേഹം ബദൽ മാതൃകയാണ്. മൗനത്തിന്റെ അഗാധതയിൽ 'നിശബ്ദതയുടെ യോഗാത്മകത' പവിത്രമായി പരിരക്ഷിച്ചതിനാൽ ജീവിതത്തിൽ മനഃപ്രസാദം, സൗമ്യത, ഇന്ദ്രിയ നിഗ്രഹണം, ഭാവവിശുദ്ധി, ജ്ഞാനം, ധ്യാനം, ത്യാഗം, ശാന്തി തുടങ്ങിയ താപസ ശൈലികൾപ്രകാശം പരത്തി.

ആദ്ധ്യാത്മീകവും സാമൂഹികവുമായ തലങ്ങളിൽ ശബ്ദവും ദൃശ്യവും ആധിപത്യം സൃഷ്ടിച്ച് ശരീരത്തിന്റെയും മനസ്സിന്റെയും സ്വസ്ഥത ഹനിക്കുന്ന പുത്തൻ സംസ്ക്കാരത്തിൽ മൗനത്തിന്റെ വേരുകൾ തേടുന്ന ആദ്ധ്യാത്മീകതയുടെ അന്വേഷണമാണ് ഈവാനിയോസ് തിരുമേനിയുടെ ജീവിതത്തിൽ പ്രതിഫലിച്ചത്.

ഓതറ കീയത്ത് കെ. ഐ. ജോർജ്ജിന്റെയും നിരണം മാണിപ്പറമ്പിൽ അന്നമ്മയുടെയും മൂന്നാമത്തെ പുത്രനായി 1940 നവംബർ 14–ന് ഗീവർഗീസ് മാർ ഈവാനിയോസ് മധുരയിൽ ജനിച്ചു. പിതാവ് റയിൽവേ ഉദ്യോഗസ്ഥനായിരുന്നു. നാലു വയസു വരെ തമിഴ്നാട്ടിലെ മധുരയിൽ താമസിച്ചു. പിതാവിന്റെ സ്ഥലംമാറ്റത്തെ തുടർന്ന് കൊല്ലത്തെത്തി. 21–ാം വയസുവരെ കൊല്ലത്തു വളർന്നു. മാതാപിതാക്കൾ മാർത്തോമ്മാ സഭാംഗങ്ങളായിരുന്നു. കൊല്ലത്തെ മാർത്തോമ്മാപള്ളി വീട്ടിൽ നിന്നും വളരെ ദൂരത്തായിരുന്നതിനാൽ, ചെറുപ്പത്തിൽ സമീപത്തുള്ള ഒരു സി.എസ്.ഐ. പള്ളിയിൽ വി. കുർബ്ബാനയിൽ പങ്കെടുക്കുകയും സണ്ടേസ്കൂളിൽ പഠിക്കുകയും ചെയ്തു.

മെത്രാപ്പോലീത്തായുടെ പിതാവിന്റെ സഹോദരിമാരെ ഓർത്തഡോക്സ് സഭയിലേക്കാണ് വിവാഹം കഴിപ്പിച്ച് അയച്ചിരുന്നത്. അവർ സഹോദരഭവനത്തിൽ വരുമ്പോൾ നമസ്കാരക്രമം കൊണ്ടുവരുമായിരുന്നു. ജോർജിനെയും സഹോദരങ്ങളെയും അവർ പിടിച്ചിരുത്തി പ്രാർത്ഥിപ്പിക്കും. നിലവിളക്കിന്റെ വെളിച്ചത്തിൽ അന്ന് ചൊല്ലിയ പ്രാർത്ഥനകളാണ് ഓർത്തഡോക്സ് സഭയിലേക്ക് ആകർഷിച്ചത്. വീട്ടിലെ മേശക്കുള്ളിൽ ഓർത്തഡോക്സ് സഭയുടെ ഒരു വിശുദ്ധ കുർബ്ബാനക്രമം ഉണ്ടായിരുന്നു. ജോർജ് അത് മറിച്ചുനോക്കുമായിരുന്നു. പിതൃസഹോദരിമാരാണ് നോമ്പു നോൽക്കുവാനും, ഉപവസിക്കാനും പ്രേരിപ്പിച്ചതും പഠിപ്പിച്ചതും.



പ്രീ–ഡിഗ്രിക്കു ശേഷം എഞ്ചിനിയറിംഗിന് ചേർക്കണമെന്നായിരുന്നു പിതാവിന്റെ ആഗ്രഹം. പക്ഷേ, ജോർജിന് അതിൽ താല്പര്യമുണ്ടായില്ല. അതുകൊണ്ട് ഡിഗ്രിക്ക് കൊല്ലം ഫാത്തിമാ മാതാ നാഷണൽ കോളജിൽ ചേർന്നു. ഡിഗ്രിക്ക് പഠിക്കുന്ന കാലത്ത് കൊല്ലം അരമനയിൽ താമസിച്ചിരുന്ന ചിലർ സുഹൃത്തുക്കളായി. ആ സുഹൃദ്ബന്ധം മൂലം അരമന ചാപ്പലിൽ സന്ധ്യാപ്രാർത്ഥനയ്ക്ക് പോകുവാൻ തുടങ്ങി. അങ്ങനെയാണ് മാത്യൂസ് മാർ കൂറിലോസ് തിരുമേനിയെ പരിചയപ്പെടുന്നത്. ആ ബന്ധം ഓർത്തഡോക്സ് സഭയോട് അടുക്കുവാൻ ഇടയാക്കി. പിന്നീട് വി. കുർബ്ബാന അനുഭവിക്കുവാൻ വേണ്ടി ഓർത്തഡോക്സ് സഭാംഗമായി. അതിനുശേഷം വി. മദ്ബഹാ ശുശ്രൂഷകനും സണ്ടേസ്കൂൾ അദ്ധ്യാപകനുമായി. ബി.എസ്.സി. കഴിഞ്ഞ് എഞ്ചിനിയറിംഗിന് പോകണമെന്ന നിർദ്ദേശം വന്നെങ്കിലും; സെമിനാരിയിൽ ചേരണമെന്ന് ജോർജ് ആഗ്രഹിച്ചു.

ഈ സമയത്ത് ലണ്ടൻ ഇടവക വികാരിയായിരുന്ന ജോർജ് അച്ചൻ ഓക്സ്ഫഡിൽ പഠനം നടത്തുന്നതിനെക്കുറിച്ച് ജോർജിനോടു സംസാരിച്ചു. മാത്യൂസ് മാർ കൂറിലോസ് തിരുമേനി ക്രമീകരണങ്ങൾ നിർവ്വഹിച്ചു. 1963 മാർച്ചിൽ മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ ജോർജിന് ശെമ്മാശപട്ടം നൽകി. കൊല്ലത്തു നിന്നും ട്രെയിനിൽ കൊച്ചിയിലെത്തി അവിടെനിന്നും കപ്പൽമാർഗ്ഗം ലണ്ടനിലേക്ക് പോയി. ഓക്സ്ഫഡിൽ ആംഗ്ലിക്കൻ സഭയുടെ ആശ്രമമായ കൗളി ഫാദേഴ്സിൽ രണ്ടു വർഷം താമസിച്ച് സന്യാസപരിശീലനം നേടി. അതിനുശേഷം മാസ്ഫീൽഡ് കോളജിൽ നിന്നും ഹീബ്രുവിലും

സുറിയാനിയിലും എം. എ. ബിരുദം നേടി. ഓക്സ്ഫഡ് യൂണിവേഴ്സിറ്റിയിൽ നിന്നും 'ക്രിസ്തീയ വേദശാസ്ത്രത്തിൽ' മാസ്റ്റർ ബിരുദം കരസ്ഥമാക്കി.

ഓക്സ്ഫഡിൽ താമസിച്ചുകൊണ്ടിരിക്കുമ്പോൾ അവിടെയുള്ള ഓർത്തഡോക്സ് വർഷിപ്പ് സെന്ററിൽ സ്ഥിരമായി സംബന്ധിച്ചിരുന്നു; അത് ബൈസന്റയിൻ വിഭാഗത്തിന്റേതായിരുന്നു. ആരാധനയുടെ മഹത്വവും ഓർത്തഡോക്സ് വിശ്വാസത്തിന്റെ ശ്രേഷ്ഠതയും ഏറെ മനസ്സിലാക്കുവാൻ തന്മൂലം സാധിച്ചു. എട്ടു വർഷം ഡീക്കൻ ജോർജ് ഓക്സ്ഫഡിൽ ആശ്രമ അന്തേവാസിയായി താമസിച്ചു.

1971-ൽ ലണ്ടനിലെത്തിയ ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ ക്ഷണമനുസരിച്ച് ഓർത്തഡോക്സ് സെമിനാരി അദ്ധ്യാപകനായി ഡീക്കൻ ജോർജ് തിരികെ നാട്ടിലെത്തി. 1972-ൽ പൂർണ്ണ ശെമ്മാശുപട്ടവും 1973 ഡിസംബറിൽ കശ്ശീശാപട്ടവും പഴയ സെമിനാരിയിൽ വച്ച് മാത്യൂസ് മാർ കൂറിലോസ് തിരുമേനി നൽകി. ഹീബ്രു, ഗ്രീക്ക്, സുറിയാനി അദ്ധ്യാപകനായും വാർഡനായും ഏഴ് വർഷത്തോളം ആദ്യകാലത്ത് പഴയസെമിനാരിയിൽ സേവനമനുഷ്ഠിച്ചു.

1978-ൽ 38-ാം വയസ്സിൽ ക്യാൻസർ രോഗബാധിതനായി. രോഗവിവരം അറിഞ്ഞതോടെ ജോർജ് അച്ചന്റെ ഹൃദയത്തിനും മനസ്സിനും ഒരു പുതിയ ഉണർവ്വ് ലഭിച്ചു. ഫാ. കെ. എ. ജോർജിന്റെ മനസ്സിൽ പെട്ടെന്ന് ഉണ്ടായ ആശയം, രോഗത്തെ അംഗീകരിക്കുക, ദൈവത്തിന്റെ ഊഴമാണിത് എന്നതായിരുന്നു. ദൈവകരങ്ങളിലേക്ക് സമർപ്പിച്ചപ്പോൾ ലഭ്യമായത് പൂർണ്ണ ആശ്വാസമായിരുന്നു. മദ്രാസിൽ ബ്രഹ്മസമാജക്കാർ നടത്തുന്ന അഡയാർ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിലെ ചികിത്സയ്ക്കായി പോയി.

ക്യാൻസർ ചികിത്സയ്ക്കിടയിൽ അഡയാറിൽ വച്ച് അദ്ദേഹത്തിന് ഒരു ദിവ്യാനുഭവം ഉണ്ടായി. തന്റെ കിടയ്ക്കയ്ക്കരുകിൽ വിശുദ്ധന്മാരുടെ സാന്നിധ്യവും ശബ്ദവും അദ്ദേഹത്തിന് അനുഭവവേദ്യമായി. ഈ ദിവ്യാനുഭവം അദ്ദേഹത്തിന്റെ ജീവിതത്തെ മാറ്റിമറിച്ചു. ശാരീരിക ക്ഷീണമുണ്ടെങ്കിലും പ്രാർത്ഥനയ്ക്കായി കൂടുതൽ സമയം വിനിയോഗിച്ചു. ശരീരത്തിന്റെ ക്ഷീണവും വേദനകളും ക്രമേണ ഭേദമായി. ആശുപത്രിയിലെ ദീർഘനാളത്തെ താമസവും രോഗവും ജീവിതത്തെക്കുറിച്ച് പുതിയ അർത്ഥങ്ങൾ കണ്ടെത്തുന്നതിന് സഹായിച്ചു. ആശുപത്രിവാസത്തിനിടയിൽ ചികിത്സാ ചെലവുകൾക്കായി പലരും പണം നൽകി. അതെല്ലാം നിർധനരായ രോഗികൾക്ക് നൽകി. ക്യാൻസർ രോഗത്തിൽ നിന്നും അത്ഭുതകരമായി രക്ഷപെട്ട ഫാ. കെ. എ. ജോർജിന്റെ ചൈതന്യം മനസ്സിലാക്കിയ ആശുപത്രി അധികൃതർ ചികിത്സാ ചെലവ് വാങ്ങിയില്ല.

18 വയസ്സു മുതൽ 38 വയസ്സുവരെ കൃത്യമായി കുമ്പിട്ട് ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തതിന്റെ ഫലമാണ് രോഗസൗഖ്യമെന്ന് അദ്ദേഹം വിശ്വസിച്ചു.

രോഗം ഭേദമായി സെമിനാരിയിലെത്തി അദ്ധ്യാപനം തുടർന്ന അദ്ദേഹത്തെ പ. മാത്യൂസ് പ്രഥമൻ ബാവാ 1979 മാർച്ചിൽ റമ്പാനാക്കി; പരുമല സെമിനാരിയിൽ നിയോഗിച്ചു. ഏഴു വർഷം പരുമലയിൽ കഴിഞ്ഞതും എല്ലാ ദിവസവും വി. കുർബ്ബാന അണയ്ക്കുവാൻ ഇടയായതും വലിയ അനുഗ്രഹവും ഭാഗ്യവുമായി മെത്രാപ്പോലീത്താ കരുതി.

വൈദികനായിരുന്നപ്പോഴും റമ്പാനായിരുന്നപ്പോഴും വികാരിയായി 15 വർഷം ശുശ്രൂഷിച്ചത് കോട്ടയം കാരാപ്പുഴ മാർ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് ചാപ്പലിലായിരുന്നു. പ. പാമ്പാടി തിരുമേനി പണിയിച്ചതാണ്. ചാപ്പൽ പുതുക്കിപണിയുന്നതിനും അദ്ദേഹത്തിന്റെ ശുശ്രൂഷാകാലത്ത് ദൈവം ഇടയാക്കി.

1982 ഡിസംബർ 28-ന് ഫാ. ജോർജിനെ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് പ. മാത്യൂസ് പ്രഥമൻ ബാവായുടെ ആഗ്രഹപ്രകാരം തിരുവല്ലായിൽ ചേർന്ന മലങ്കര അസോസിയേഷൻ യോഗം തിരഞ്ഞെടുത്തു. 1985 മെയ് 15-ന് മാവേലിക്കര പുതിയകാവ് പള്ളിയിൽ വച്ച് ഗീവർഗീസ് മാർ ഈവാനിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചു. 1985 ഓഗസ്റ്റ് ഒന്നിന് കോട്ടയം ഭദ്രാസനത്തിന്റെ ഇടയനായി.

കോട്ടയം ഭദ്രാസനത്തിന്റെ ചുമതല ലഭിച്ചപ്പോൾ ആഴ്ചയിൽ രണ്ടു ദിവസം പൂർണമായും ഭദ്രാസന ഓഫീസിൽ ചിലവഴിക്കണമെന്ന ആഗ്രഹമുണ്ടായി. അതിനുവേണ്ടി സൗകര്യപ്രദമായ ഒരു സ്ഥലവും കെട്ടിടവും ഈരയിൽകടവിൽ വാങ്ങി ഭദ്രാസനഓഫീസ് ക്രമീകരിച്ചു. പിന്നീട് എം. ഡി. സെമിനാരി കോമ്പൗണ്ടിനോട് ചേർന്നുകിടക്കുന്ന എഴുപതു സെന്റ് സ്ഥലം വാങ്ങി പ. പാമ്പാടി തിരുമേനിയുടെ പേരിൽ ഭദ്രാസന മന്ദിരം പണിതു.

ആർഭാടങ്ങളോടും സാമൂഹിക തിന്മകളോടും ഇടയ ശുശ്രൂഷയിലൂടെ പ്രതികരിച്ചു. പ്രാർത്ഥനയും മൗനവും സാധുജന പരിപാലനവും ജീവിതവ്രതമാക്കിയ അദ്ദേഹം ഏകാന്ത ധ്യാനത്തിനായി ഞാലിയാകുഴി ദയറാ പണിതുയർത്തി.

വാകത്താനത്തിനടുത്ത് ഞാലിയാകുഴിയിലെ മലമുകളിൽ ' ബസ്സേലിയോസ് ദയറ'ആരംഭിച്ചത് ഇടയശുശ്രൂഷയിൽ ബദൽ ജീവിതശൈലി പകരുന്നതിനായിരുന്നു. ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനി 73-ാം ജന്മദിനത്തിൽ നടത്തിയ പ്രഭാഷണത്തിൽ പറഞ്ഞു.

'ദയറായ്ക്കായി ഞാൻ ഈ സ്ഥലം വാങ്ങി. ഇതൊരു പട്ടിക്കാടായിരുന്നു. കപ്പക്കാട് എന്നും പറയാം. ചീങ്ക പ്രദേശം. കൃഷി ഉണ്ടാകത്തില്ല. ആർക്കും വേണ്ടാതെ കിടന്നു. വെള്ളമില്ലായിരുന്നു.'

ഊഷരഭൂമി വാങ്ങി ദയറയാക്കിയത് ഈവാനിയോസ് മെത്രാപ്പോലീത്തായുടെ പ്രവാചകദർശനമാണ്. അദ്ദേഹം പറയുന്നു:



‘ഈ സ്ഥലത്ത് മരം വളരത്തില്ലായിരുന്നു. എന്നാൽ വെച്ച മരങ്ങൾ എല്ലാം വളർന്നു. ഇത് ദയറായുടെ സ്ഥലമായപ്പോൾ സമൃദ്ധി ഉണ്ടായി. ഇപ്പോൾ കാണുന്ന മരങ്ങൾ എല്ലാം ഞാൻ വെച്ചുപിടിപ്പിച്ചതാണ്.’

പരിസ്ഥിതി സൗഹൃദത്തിൽ ഒരു ദയറായെ വളർത്തിയെടുക്കുവാൻ കഴിയുമെന്നത് അദ്ദേഹത്തിന്റെ ക്രാന്തദർശിത്വമായിരുന്നു. മാർ ബസ്സേലിയോസ് ദയറായിൽ വളർന്നു നിൽക്കുന്നത് ആയിരത്തിൽപരം വിവിധ ഇനം വൃക്ഷങ്ങളാണ്. ദാർശനിക സിദ്ധാന്തങ്ങളുടെ ഹരിതവേദശാസ്ത്രത്തേക്കാൾ അദ്ദേഹം ഇഷ്ടപ്പെട്ടത് പരിസ്ഥിതി സൗഹൃദം സൃഷ്ടിക്കുന്ന വിശുദ്ധിയുടെ ഒരു ഹരിതകാലമായിരുന്നു. ആ ജീവിതം തികച്ചും ഹരിതാഭമായിരുന്നു. വിശുദ്ധവും.

മലങ്കരസഭയിലെ സന്യാസപ്രസ്ഥാനത്തിന് ഒരു പുതിയ മുഖവും പുതിയ ശൈലിയും മാർ ബസേലിയോസ് ആശ്രമം വഴി അദ്ദേഹം നൽകി. ബാഹ്യമായ ലോകത്തിൽ എപ്പോഴും പ്രവർത്തനനിരതമായിരിക്കുന്ന ഒരു സന്യാസ ശൈലിയിൽ നിന്നു വിട്ട് ധ്യാനത്തിലും പ്രാർത്ഥനയിലും വേദപഠനത്തിലും നമസ്ക്കാരത്തിലും കുമ്പീടീലിലുമൊക്കെ വേരൂന്നിയ ഒരു പൗരസ്ത്യശൈലിയാണ് അദ്ദേഹം ആ കുന്നിൻപുറത്ത് ആരംഭിച്ചത്.

പാമ്പാടി തിരുമേനി അന്ത്യവിശ്രമം കൊള്ളുന്ന പാമ്പാടി ദയറായിൽ ചാപ്പലും അരമനയും പണിതതുൾപ്പെടെ ഭദ്രാസനത്തിലെ ഭൂരിഭാഗം പള്ളികളും പുതുക്കിപ്പണിയുവാൻ ഈ കാലഘട്ടത്തിൽ കഴിഞ്ഞത് ദൈവികമായ നിയോഗമാണെന്ന്, 25 വർഷത്തിലധികമായി കോട്ടയം ഭദ്രാസനത്തെ നയിച്ച മെത്രാപ്പോലീത്താ വിശ്വസിച്ചു.

ഹൃദയ ശുദ്ധീകരണം, മൗനത്തിന്റെ ലാവണ്യം, നിർലേപം എന്നീ ഗ്രന്ഥങ്ങൾ രചിച്ച മെത്രാപ്പോലീത്താ ധ്യാനഗുരു, എഴുത്തുകാരൻ എന്നീ നിലകളിൽ അറിയപ്പെട്ടു.

സന്യാസിമാർക്ക് അവശ്യമായി ഉണ്ടായിരിക്കേണ്ട മനുഷ്യസ്നേഹവും പ്രകൃതിസ്നേഹവും സർവ്വ ജീവജാലങ്ങളോടുള്ള സ്നേഹവും അദ്ദേഹത്തിൽ വളരെ ശക്തമായി ഉണ്ടായിരുന്നു.


പാമ്പാടി എം. ഡി. സ്ക്കൂളിൽ ഏപ്രിൽ 7 ന് ഉച്ചയ്ക്ക് നടത്തിയ പ്രസംഗമായിരുന്നു അദ്ദേഹത്തിന്റെ അവസാനത്തെ പൊതുപ്രഭാഷണം. പാമ്പാടി തിരുമേനിയുടെ അനുഗ്രഹങ്ങളായിരുന്നു പ്രസംഗവിഷയം. അദ്ദേഹം പറഞ്ഞു: ഇംഗ്ലണ്ടിൽനിന്നും പഠനം കഴിഞ്ഞ് സെമിനാരി അദ്ധ്യാപകനാകുമ്പോൾ 33 വയസ്സുമാത്രം. 15 വർഷം കാരാപ്പുഴയിൽ വികാരിയായി. പാമ്പാടി തിരുമേനി സ്ഥാപിച്ച പള്ളിയാണിത്. പാമ്പാടി തിരുമേനിയുടെ അനുഗ്രഹമാണ് അത് പുതുക്കിപ്പണിയാൻ ഇടയായത്. പാമ്പാടി തിരുമേനിയുടെ അനുഗ്രഹമാണ് പാമ്പാടിയിൽ മെത്രാച്ചനായി എത്തിയതും കോട്ടയത്തിന്റെ ചുമതല ലഭിച്ചതും.

മൗനത്തെ പ്രണയിച്ച പരിശുദ്ധ പരുമല തിരുമേനിയുടെയും പാമ്പാടി തിരുമേനിയുടെയും ജീവിത മാതൃക പിന്തുടർന്ന ഈവാനിയോസ് തിരുമേനിക്ക് നിർലേപത്തിന്റെ മറുപുറമാണ് മൗനം. മൗനത്തിന്റെ ആദ്ധ്യാത്മികതയ്ക്ക് പുത്തൻ അടിത്തറ അദ്ദേഹം പണിതു.

ദീർഘകാലമായി രോഗബാധിതനായിരുന്ന അദ്ദേഹം 2013 ഏപ്രിൽ 12-ന് രാവിലെ കോട്ടയം കരിപ്പാൽ ആശുപത്രിയിൽ കാലം ചെയ്തു. ഭൗതികശരീരം, അന്ത്യവിശ്രമത്തിനായി മുൻകൂട്ടി തയ്യാറാക്കിയിരുന്ന ഞാലിയാകുഴി ബസേലിയോസ് ദയറായിലെ കബറിടത്തിൽ ഏപ്രിൽ 13 ന് ശനിയാഴ്ച 4 മണിക്ക് കബറടക്കി.

പൗരസ്ത്യ ആദ്ധ്യാത്മിക ജീവിതവും സന്യാസപാരമ്പര്യവും പ്രാർത്ഥനയും ധ്യാനവും മൗനവും ജീവിതവൃതമാക്കിയ അദ്ദേഹം പ. പാമ്പാടി തിരുമേനിയുടെ ഗണത്തിലെ ശ്രേഷ്ഠനായ പിതാവാണ്. പരുമല തിരുമേനിയുടെയും പാമ്പാടി തിരുമേനിയുടേയും പ്രത്യേകമായ മദ്ധ്യസ്ഥത ഏറ്റു പറഞ്ഞ അദ്ദേഹം ഇടയശുശ്രൂഷയ്ക്ക് ബദൽ മാതൃക പകർന്നു. ഭൗതിക ജീവിതത്തോട് മരിച്ച അനുഭവം ആയിരുന്നു ആ പിതാവിന്റേത്.

ആദ്ധ്യാത്മീക ശിക്ഷണവും നിഷ്ഠയും പരിരക്ഷിച്ച അദ്ദേഹം പ്രകൃതിയോടും സഹജീവികളോടും അശരണരോടും കാരുണ്യം പുലർത്തി. ഹൃദയവിശുദ്ധി പകർന്ന കാരുണ്യ കർമ്മങ്ങളിൽ പരിസ്ഥിതി സൗഹൃദവും സംരക്ഷണവും ബദൽ ഊർജ്ജ സ്രോതസ്സും ഉൾപ്പെടുത്തി. കരുതലും ലാളിത്യവും നീതിയും താപസവിശുദ്ധിയിൽ ഹരിത സൗന്ദര്യം പകർന്നു. അനേകർക്ക് ആശ്വാസവും അനുതാപവും പ്രകാശവും പകർന്ന് പുണ്യ ജീവിതം നയിച്ചു.



മൗനത്തിന്റെ ആദ്ധ്യാത്മീകതയിൽ നിർലേപ വിശുദ്ധിയുടെ ആത്മാവ് പ്രകാശം പരത്തുന്നു. മൗനത്തിന്റെ ലാവണ്യവും നിർലേപത്തിന്റെ വിശുദ്ധിയുമാണ് ഈ ‘താപസ തേജസ്സ്’.

പൗരസ്ത്യ ആദ്ധ്യാത്മിക ജീവിതത്തിന്റെ അടിസ്ഥാന പ്രമാണങ്ങളായ ദൈവീകരണം. ഹൃദയശുദ്ധീകരണം, ആരാധന, അനുതാപം, ദൈവരാജ്യം എന്നിവയ്ക്ക് പുത്തൻ മാനം പകർന്ന ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ജീവിതവും ദർശനവും മൗനത്തിന്റെ ആദ്ധ്യാത്മികതയിൽ രൂപപ്പെട്ടവയാണ്. മനനവും രോഗവും സൗഖ്യവും ആത്മശരീര മനസ്സുകൾക്ക് വ്രതവിശുദ്ധി നൽകി.

‘പ്രതിസന്ധികളിൽ ഇടറിപ്പോകാതെയും കലങ്ങിപ്പോകാതെയും ആത്മീയ വളർച്ച പ്രാപിക്കണമെന്ന’ സന്ദേശമാണ് പങ്കിടുന്നത്. മൗനത്തിന്റെ ആദ്ധ്യാത്മീകതയിൽ നിർലേപ വിശുദ്ധിയുടെ ആത്മാവ് പ്രകാശം പരത്തുന്നു. മൗനത്തിന്റെ ലാവണ്യവും നിർലേപത്തിന്റെ വിശുദ്ധിയുമാണ് ഈ ‘താപസ തേജസ്സ്’.

❑

8

ഇതു കാന്താരിയല്ല: *കരണംപൊട്ടി*

ഡോ. എം. കുര്യൻ തോമസ്

മലയാളികൾ വിവിധതരം മുളകുകൾ ഉപയോഗിക്കുന്നുണ്ട്. അവയിൽ എരിവിന്റെ കാര്യത്തിൽ കെങ്കേമൻ കാന്താരിയാണന്നാണ് വയ്പ്പ്. എങ്കിലും അതിലും ഭീകരനായ ഒന്ന് അപൂർവമായി ഉപയോഗത്തിലുണ്ട്. അവനാണ് സാക്ഷാൽ *കരണംപൊട്ടി*.

1958 ഡിസംബർ 16 രാത്രി. സ്ഥലം പഴയ സെമിനാരി. 1958-ലെ സുപ്രീം കോടതി വിധിയെ തുടർന്ന് നടന്ന ദീർഘമായ ചർച്ചകൾക്ക് വിജയകരമായ പരിസമാപ്തി കുറിച്ചുകൊണ്ട് സമാധാന കല്പനകൾ കൈമാറാനൊരുങ്ങുന്നു. വലിയോരു കവറിൽ അടക്കം ചെയ്ത അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കല്പന ശീമമെത്രാൻ ഏലിയാസ് മാർ യൂലിയോസ് ഉയർത്തിക്കാട്ടി. ഉദ്ദേശം മനസിലായ പ. ഗീവർഗീസ് ദ്വിതീയൻ ബാവ തന്റെ കല്പന അടങ്ങിയ ചെറിയ ലക്കോട്ട് കാട്ടി പറഞ്ഞു; *ചെറുതെങ്കിലും കാന്താരിയാണ്*.

യഥാർത്ഥത്തിൽ അതൊരു കാന്താരി തന്നെയായിരുന്നു. പൊടിപ്പും തൊങ്ങലും ആലങ്കാരിക ഭാഷയുമൊന്നുമില്ലാതെ തയാറാക്കിയ ആ കല്പനയിൽ വ്യക്തമായി എഴുതിയിരുന്ന ഒരു വാചകമായിരുന്നു ആ കാന്താരി. *ഭരണഘടനയക്ക് വിധേയമായി പാത്രിയർക്കീസിനെ അംഗീകരിക്കുവാൻ നാം പ്രസാദിച്ചിരിക്കുന്നു*. ആ ഒരൊറ്റ വാചകത്തിന്റെ ദീർഘകാലപ്രാഭവം മനസിലാക്കിത്തന്നെയാണ് പ. ഗീവർഗീസ് ദ്വിതീയൻ ബാവ തന്റെ കല്പനയെ *കാന്താരി* എന്നു വിശേഷിപ്പിച്ചത്.

1958-ലെ സമാധാന കല്പന കാന്താരി ആണെങ്കിൽ 2019 ഏപ്രിൽ 8-ന് കണ്യാട്ടുനിരപ്പ് പള്ളിക്കേസിൽ ഇന്ത്യൻ സുപ്രീംകോടതി പുറപ്പെടുവിച്ച വിധി *കരണംപൊട്ടി*യാണ്. ഒരു പേജു തികച്ചില്ലാത്ത വിധിയിലെ സുപ്രധാനമായ രണ്ടു വസ്തുതകളാണ് അതിനെ അതിപ്രധാനമാക്കുന്നത്.

1. 2017 ജൂലൈ 3-ലെ സുപ്രീകോടതി വിധി ഈ വിഷയത്തിലെ അന്തിമ വിധിയാണ്.

2. അതിൽ പരാമർശിച്ചിരിക്കുന്ന വിഷയങ്ങൾ ഇന്ത്യയിൽ ഒരു കോടതിയും പരിഗണിക്കാൻ പാടില്ല.

ഇതിനു മുമ്പ് 2108 ഏപ്രിൽ 19-ന് പിറവം പള്ളിക്കേസിൽ 2017 ജൂലൈ 3 വിധി, മലങ്കരയിൽ *1064 പള്ളികൾ* എന്നു വിശേഷിപ്പിക്കപ്പെടുന്ന എല്ലാ പള്ളികൾക്കും ബാധകമാണെന്ന വിധികൂടി പരിഗണിക്കുമ്പോഴാണ് പുതിയ വിധിയുടെ ഗൗരവം വർദ്ധിക്കുന്നത്.

കണ്യാട്ടുനിരപ്പ് വിധിയുടെ വ്യാപകഫലങ്ങൾ രണ്ടാണ്.

1. 2017 ജൂലൈ 3 വിധിയിൽ പരാമർശിച്ചിരിക്കുന്ന 1934 ഭരണഘടന, ഇടവകകളുടെ സ്വതന്ത്ര നിലയെപ്പറ്റിയുള്ള അവകാശവാദങ്ങൾ, മനുഷ്യാവകാശ-മൗലികാവകാശ ലംഘനവാദം, ആരാധനാ സ്വാതന്ത്ര്യം, പള്ളികളുടേയും സെമിത്തേരികളുടെയും അവകാശം, കർമ്മം നടത്തുവാനുള്ള അധികാരം, സമാന്തര ഭരണശ്രമം ഇവയൊന്നും ഉന്നയിച്ച് ഒരു പള്ളിയുടെ പേരിലും പുതിയ കേസുകൾ - മുൻസിഫ് കോടതി മുതൽ സുപ്രീം കോടതി വരെ - ഫയൽ ചെയ്യാൻ ആവില്ല.

2. വിവിധ കോടതികളിൽ നിലവിലുള്ള സമാന സ്വഭാവമുള്ള എല്ലാ കേസുകളും 2017 ജൂലൈ 3 വിധിയുടെ അടിസ്ഥാനത്തിൽ തീർപ്പാക്കണം. അവയ്ക്ക് അപ്പീൽ നൽകുവാനും സാദ്ധ്യമല്ല. താൽക്കാലിക നീക്കുപോക്കുകളും, ടി. വിധിക്ക് എതിരായ കീഴ്കോടതികളുടെ വിധികളും പരാമർശനങ്ങളും പ്രഥമ ദൃഷ്ട്യാ റദ്ദാക്കപ്പെടും.

കണ്യാട്ടുനിരപ്പ് വിധി *കരണംപൊട്ടി*യാകുന്നത് ഇതിനാലാണ്. ഉള്ളി പൊളിക്കുന്നതുപോലെയുള്ള നിസാര വിഷയങ്ങളിൽ പുതിയപുതിയ കേസുകളും



അവയ്ക്ക് അപ്പീലുകളും നൽകി വിധിനടത്തിപ്പും, തദ്വാരാ നീതി പരിപാലനവും അനന്തമായി നീട്ടിക്കൊണ്ടു പോകുന്ന അഭ്യാസം ഇനി നടപ്പില്ല. 2017 ജൂലൈ 3 വിധിയിൽ പരാമർശനമുള്ള വിഷയങ്ങളുമായി ഇനി കോടതി കയറിയാൽ മിക്കവാറും കക്ഷിക്ക് കുറഞ്ഞത് ഒരു *50,000 സമർപ്പയാമി* ഉറപ്പാണ്. വക്കീലിന് ചിലപ്പോൾ ഒരു വർഷത്തെ വിശ്രമവും ലഭിച്ചേക്കും.

സുപ്രീം കോടതി വിധി രാജ്യത്തിന്റെ നിയമമാണ്. ഇന്ത്യൻ ഭരണഘടന പ്രകാരം അവ നടപ്പിലാക്കാനുള്ള ബാദ്ധ്യത കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്കുണ്ട്. ഇതു വെറും സ്വത്തുതർക്കമാണ്: നടപ്പാക്കാനുള്ള ബാദ്ധ്യത സർക്കാരിനില്ല എന്ന കേരള സംസ്ഥാന സർക്കാർ വാദത്തിന് ഇനി അധികം ആയുസില്ല. കാരണം, സമാനമായ ഒരു സംഭവം കേരള ചരിത്രത്തിലുണ്ട്. ശിവഗിരി ട്രസ്റ്റ് കേസ് ഇതേപോലെ കേരളത്തില ഒരു പ്രബല സമുദായവുമായി ബന്ധപ്പെട്ടതാണന്നും, നടപ്പാക്കിയാൽ *രക്തപ്പുഴ ഒഴുകുമെന്നും* ഉള്ള കേരള സർക്കാർ വാദത്തിനു കേരളാ ഹൈക്കോടതി കൊടുത്ത മറുപടിയും, അതിനെത്തുടർന്ന് അന്നു രാത്രിതന്നെ ആ വിധി നടപ്പാക്കിയതും ഓർത്താൽ മതി. ഒരു രക്തപ്പുഴയും ഒഴുകിയില്ല. ക്രിമിനൽ കേസുകളിൽ പ്രതിയായ കേരളത്തിലെ ഒരു പ്രമുഖ മത നേതാവിനെ അറസ്റ്റു ചെയ്യുന്ന വിഷയത്തിലും സംഭവിച്ചത് ഇതുതന്നെയാണ്.

സുപ്രീം കോടതി ഒന്നുകൂടി കടുപ്പിച്ചാൽ ഇന്ന് അഴകൊഴമ്പൻ നയം സ്വീകരിക്കുന്ന കേരള സർക്കാർ രായ്ക്കുരാമാനം വിധികൾ നടത്താൻ നിർബന്ധിതരാവും! ഇല്ലങ്കിൽ സത്യപ്രതിജ്ഞാ ലംഘനത്തിനു ബന്ധപ്പെട്ട മന്ത്രിമാർ ഉത്തരം പറയേണ്ടിവരും. മുഖ്യമന്ത്രിയായിരിക്കെ ജുഡീഷറിയെ വിമർശിച്ചതിന് ഇ.എം.എസ്. നമ്പൂതിരിപ്പാട് ശിക്ഷ വാങ്ങിയ വിവരം തീർച്ചയായും അവരിൽ ചിലരെങ്കിലും ഓർക്കാതിരിക്കില്ല.

സ്ഥാപനത്തിലൂടെത്തന്നെ സ്വയം അപഹാസ്യരായ മന്ത്രിസഭാ ഉപസമിതിയാണ് ഇതോടെ കൂടുതൽ പരുങ്ങലിലായത്. വിധി നടത്താൻ ബാദ്ധ്യസ്ഥരായ കേരള സർക്കാർ അതിൽ നിന്നും രക്ഷപെടാനും ചില വോട്ടു ബാങ്കുകളും ചിലരുടെ സ്ഥാപിത താത്പര്യങ്ങളും സംരക്ഷിക്കുവാനുമാണ് മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചതെന്നാണ് പൊതുജനസംസാരം. ഒരു വിധി നടത്തിപ്പുമായി ബന്ധപ്പെട്ട് എന്താണ് ഇരുകക്ഷികളുമായി സർക്കാരിനു ചർച്ച ചെയ്യുവാനുള്ളത് എന്ന ചോദ്യം തികച്ചും പ്രസക്തമാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH
MY LORD AND MY GOD

2019 മാർച്ച് 19-നു നടത്തിയതും മലങ്കര സഭ ബഹിഷ്ക്കരിച്ചതുമായ മന്ത്രി സഭാ ഉപസമിതിയോഗത്തേപ്പറ്റിയുള്ള പത്രവാർത്തകൾ മുൻ യാക്കോബായ വിഭാഗത്തിന്റെ ഉള്ളിലിരിപ്പും, ഉപസമിതി വെറും *ഉപായസമിതി*യാണന്നും വ്യക്തമാക്കുന്നുണ്ട്.

ചർച്ചയ്ക്കുശേഷം മുൻ യാക്കോബായ വിഭാഗം നടത്തിയ പ്രസ്താവനയിലെ പ്രസക്തമായ വസ്തുതകൾ താഴെ പറയുന്നവയാണ്.

1. അനുരഞ്ജനത്തിനു തങ്ങൾ തയാറാണ്.

2. മലങ്കര സഭയുമായി ഐക്യത്തിനു തയാറല്ല.

3. തർക്കമുള്ള പള്ളികളിൽ ഹിതപരിശോധന നടത്തി ഭൂരിപക്ഷമുള്ളവർക്ക് പള്ളി വിട്ടുകൊടുക്കണം.

ചുരുക്കിപ്പറഞ്ഞാൽ, മലങ്കര സഭയുടെ ഭാഗമായ പള്ളികൾ വിട്ടുകൊടുത്ത് ഒരു സമാന്തര സഭ സ്ഥാപിക്കാൻ സർക്കാർ അവരെ സഹായിക്കണം; അതിനു മലങ്കരസഭ സഹകരിക്കണം! അവർ കാണുന്ന *അനുരഞ്ജനം* അതാണെന്നു വ്യക്തം.

ഇക്കാര്യത്തിൽ മലങ്കരസഭ നിസഹായമാണെന്നുതന്നെ പറയാം. കാരണം 2017 ജൂലൈ 3 വിധിയും അനുബന്ധ വിധികളും മലങ്കര സഭയ്ക്കും ബാധകമാണ്. സമാന്തരഭരണം അനുവദിക്കുന്നതും വിധി നടപ്പാക്കാതിരിക്കുന്നതും ഇന്ത്യൻ നീതിന്യായവ്യവസ്ഥയെ അവഹേളിക്കുന്നതിനു തുല്യമാണ്. അതു ഇന്ത്യൻ ഭരണഘടനയെ വെല്ലുവിളിക്കുന്ന നടപടിയും തദ്വാരാ രാജ്യദ്രോഹവുമാണ്. അതു ചെയ്യാൻ ഒരിക്കലും മലങ്കരസഭ തയാറല്ല.

രണ്ടാമതായി, ഭൂരിപക്ഷത്തിന്റെ പേരിൽ ഇടവകകൾ വീതം വെച്ചു നൽകാനോ വിട്ടുകൊടുക്കാനോ സുപ്രീംകോടതി വിധിപ്രകാരം സാദ്ധ്യമല്ല. ഇടവകാംഗങ്ങളുടെ അവകാശത്തിലുള്ള ട്രസ്റ്റിൽപ്പെട്ട പള്ളിയും സെമിത്തേരിയും ഇതര വസ്തുവകകളും ആർക്കും വിട്ടുകൊടുക്കാൻ മലങ്കരസഭയ്ക്ക് അധികാരമില്ല എന്നതാണ് സത്യം.

മൂന്നാമതായി ഹിതപരിശോധന നടത്തണമെന്ന ആവശ്യം. ഒരിക്കൽ മുൻ യാക്കോബായ വിഭാഗത്തിന്റെ ഈ ആവശ്യം കോടതി അംഗീകരിച്ചതാണ്. അങ്ങിനെയാണ് ആ ആവശ്യം ഉന്നയിച്ചവരിൽ ഒരുവിഭാഗം ബഹിഷ്ക്കരിച്ചിട്ടും 2002 മാർച്ച് 21-ന് സുപ്രീം കോടതിയുടെ നിരീക്ഷണത്തിൽ പരുമല അസോസിയേഷൻ കൂടിയതും *മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ മലങ്കര മെത്രാപ്പോലീത്താ ആണെന്ന്* അംഗീകരിച്ചതും. അതനുസരിച്ച് സുപ്രീം കോടതി അന്തിമ വിധി പ്രഖ്യാപിച്ചു. തുടർന്നു സൃഷ്ടിച്ച വ്യവഹാര പരമ്പരയ്ക്കാണ് 2017 ജൂലൈ 3-ന് അന്ത്യം കുറിച്ചത്.

ഒരിക്കൽ സുപ്രീംകോടതി അന്തിമ വിധി പുറപ്പെടുവിച്ച വിഷയത്തിൽ തുടർചർച്ചയോ ഒത്തുതീർപ്പോ സാദ്ധ്യമല്ല എന്ന വസ്തുത എല്ലാവർക്കുമറിയാം. അതൊരു പൊതു നിയമമാണ്. അതിനാലാണ് അയോധ്യാക്കേസ് അന്തിമ വാദം കേൾക്കുന്നതിനു മുമ്പ് ഒത്തുതീർപ്പ് സാദ്ധ്യതകൾ ആരായാൻ ഇപ്പോൾ സുപ്രീകോടതി മുൻകൈ എടുക്കുന്നത്. മുൻപ് അത്തരമൊരു സാദ്ധ്യത സഭാക്കേസിൽ ആരാഞ്ഞപ്പോൾ *ഒത്തുതീർപ്പു വേണ്ട, കോടതി വിധി മതി* എന്നു പ്രതികരിച്ചത് മുൻ യാക്കോബായ വിഭാഗമാണ്. അന്തിമ വിധിക്കു മുമ്പ് ഒത്തുതീർപ്പ് സാദ്ധ്യമായിരുന്നു. ഇനി തികച്ചും അസാദ്ധ്യം.

ഹിതപരിശോധന വേണം എന്നാവശ്യപ്പെട്ടവർ രണ്ടു ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ ബാദ്ധ്യസ്ഥരാണ്. ഒന്നാമതായി, മലങ്കരസഭയിലെ അനേകം ഇടവകപ്പള്ളികളിലെ ഒരോ വിഭാഗത്തിനെയാണെങ്കിലും പ്രതിനിധീകരിയ്ക്കുവാൻ അവർക്ക് എന്ത് അധികാരം? ആരു ചുമതലപ്പെടുത്തി? രണ്ടാമതായി ഹിതപരിശോധന ആവശ്യപ്പെടുന്നവർ ഏതെങ്കിലും ഹിതപരിശോധന സ്വന്തമെന്ന് അവകാശപ്പെടുന്ന വിഭാഗത്തിൽ നടത്തിയിട്ടാണോ അപ്രകാരം ആവശ്യപ്പെട്ടത്?

മന്ത്രിസഭാ ഉപസമിതിയും മറുപടി പറയേണ്ട ഒരു ചോദ്യമുണ്ട്. സുപ്രീം കോടതി ഇല്ലാതാക്കിയ ഒരു പ്രസ്ഥാനത്തെ ഏതു നിയമപ്രകാരമാണ് ഔദ്യോഗികമായി നിയമിക്കപ്പെട്ട ഒരു മന്ത്രിസഭാ ഉപസമിതി ചർച്ചയ്ക്ക് വിളിച്ചത്? അത് സത്യപ്രതിജ്ഞാ ലംഘനമല്ലേ?

കണ്യാട്ടുനിരപ്പ് വിധിയെത്തുടർന്ന് മുൻ യാക്കോബായ വിഭാഗം നടത്തിയ ഒരു പ്രസ്താവന തികച്ചും രസകരമാണ്. ടി വിധി, തങ്ങൾക്കു ബാധകമല്ല! അതിൽ കക്ഷികളായിരിക്കുന്ന അഞ്ചോ ആറോ പേർക്കുമാത്രമാണ് അതു ബാധകമാകുന്നത്! അതായത് കേരളാ നിയമസഭ പാസാക്കുന്ന ഒരു നിയമം 141 എം.എൽഎ.മാർക്കു മാത്രം ബാധകം എന്നു പറയുന്നതുപോലെ! പാവം കുഞ്ഞാടുകളെ കുറച്ചുകാലം വിഡ്ഢികളാക്കാൻ ഇതു മതിയാകുമെങ്കിലും മന്ത്രി സഭാ ഉപസമിതിക്ക് അപ്രകാരം തമാശ പറയാൻ പറ്റില്ല.

ഇപ്പോഴത്തെ വിഷയം വിശ്വാസപരമോ സ്വത്തുതർക്കമോ ഒന്നുമല്ല. അത് സുപ്രീം കോടതി വിധി നടത്തുകയും, 1934 ഭരണഘടന നടപ്പാക്കുകയും ചെയ്യുമ്പോൾ തൊഴിലില്ലായ്മ നേരിടുന്ന മുൻ യാക്കോബായ വിഭാഗത്തിലെ മേല്പട്ടക്കാരും പട്ടക്കാരും അടങ്ങുന്ന വൈദീകശ്രേണിയാണ്. തങ്ങളുടെ അതിജീവനത്തിനായി അവർ മസ്തിഷ്ക പ്രക്ഷാളനം നടത്തിയ കുറെ സാധാരണക്കാർ അതു കേട്ട് തെരുവിലിറങ്ങുന്നു.

അനുരഞ്ജന ശ്രമം തുടരുമെന്നാണ് മന്ത്രിസഭാ ഉപസമിതി പ്രസ്താവിച്ചത്. അപ്രായോഗികവും നിഷ്ഫലവുമായ ഈ യജ്ഞം തുടരുന്നതിനു പകരം അവർക്ക് ചെയ്യാവുന്ന ഒന്നുണ്ട്. ഇന്ത്യൻ ഭരണഘടനപ്രകാരം വിധി നടപ്പാക്കുക എന്നത് അനിവാര്യമാണന്നും, 1934-ലെ സഭാ ഭരണഘടനപ്രകാരം ഇടവകക്കാരുടെ അവകാശ-അധികാരങ്ങൾ നഷ്ടപ്പെടില്ലെന്നും അവരെ ബോദ്ധ്യപ്പെടുത്തുക. വിധി നടത്താനുള്ള തങ്ങളുടെ ബാദ്ധ്യതയോട് സമാധാനപൂർവം സഹകരിക്കുവാൻ ആവശ്യപ്പെടുക. കൂട്ടത്തിൽ വൈദീകശ്രേണിയെ പുനരധിവസിപ്പിക്കാനുള്ള മാർഗ്ഗങ്ങളും വേണമെങ്കിൽ ആരായാം.

മന്ത്രിസഭയ്ക്കോ ഉന്നത ഉദ്യോഗസ്ഥർക്കോ കോടതിവിധിക്കു വിപരീതമായി ഒന്നും പ്രവർത്തിക്കാനാവില്ല. അത് ഭരണഘടനാ ലംഘനവും ഭവിഷ്യത്ത് കഠിനവുമായിരിക്കും എന്ന് അവർക്ക് ബോദ്ധ്യമുണ്ട്. രാഷ്ട്രീയ നേതാക്കളുടേയും മേലുദ്യോഗസ്ഥരുടേയും രേഖകളില്ലാത്ത വാക്കാൽ ഉത്തരവനുസരിച്ച് സുപ്രീംകോടതി വിധിക്കെതിരായി പ്രവർത്തിക്കുന്ന പോലീസ് - റവന്യു ഉദ്യോഗസ്ഥർ കുടുങ്ങും. ജോലിയും പെൻഷനും നഷ്ടമാകുന്ന അത്തരം പ്രവർത്തനം തിരിച്ചടി നേരിട്ടു തുടങ്ങിയാൽ അവർ അവസാനിപ്പിക്കും. ഈദൃശ്യ പ്രവർത്തനങ്ങൾ ഇനി അധികകാലം തുടരാനാവുമെന്നു കരുതേണ്ട.

സെമിത്തേരി-ശവസംസ്ക്കാര വിഷയത്തിൽ താൽക്കാലികമായി സ്ഥാപിച്ചെടുത്ത ചില അവകാശങ്ങളുടെ പേരിൽ ഊറ്റംകൊള്ളുന്നവർ അതിന്റെ വിശദാംശങ്ങളിലേയ്ക്കു കടന്നു നോക്കിയാൽ മതി; എത്ര ദുർബലമാണ് തങ്ങളുടെ സ്ഥിതി എന്നു മനസിലാക്കാൻ. 2017 ജൂലൈ 3 വിധിയിലെ താഴെ പറയുന്ന പരാമർശനത്തിനെ ദുർവ്യാഖ്യാനം ചെയ്താണ് ഇന്നു ചില സെമിത്തേരി അവകാശങ്ങൾ മുൻ യാക്കോബായ വിഭാഗം സംഘടിപ്പിച്ചത്. ആ ഭാഗം ഇതാണ്.

17. പള്ളിയും സെമിത്തേരിയും ആർക്കും പിടിച്ചെടുക്കാവുന്നതല്ല. അത് ഇടവകാംഗങ്ങളുടെ അവകാശമായി തുടരണം. മലങ്കര സഭയിൽ വിശ്വസിക്കുന്നുവെങ്കിൽ ഇവിടെ അന്തസ്സോടെ സംസ്ക്കരിക്കപ്പെടുന്നതിന് ഒരു ഇടവകാംഗത്തിനുള്ള അവകാശത്തെ ആർക്കും നിഷേധിക്കാനാവില്ല. മലങ്കര സഭയുടെയും ഇടവകപ്പള്ളികളുടെയും വസ്തുവകകൾ ട്രസ്റ്റിന്റേതാണ്. കാലാകാലങ്ങളായി അത് ഇടവകാംഗങ്ങൾക്കു പ്രയോജനപ്പെടേണ്ടതാണ്. ഭൂരിപക്ഷമുണ്ട് എന്ന് കരുതി അവ ആർക്കും കയ്യേറാനുള്ളതല്ല.

സുപ്രീം കോടതിയുടെ ഈ നിരീക്ഷണത്തിൽ ആർക്കും രണ്ടു പക്ഷമില്ല. പക്ഷേ അടിസ്ഥാന പ്രശ്നം ആരാണ് ഇടവകാംഗം, അതു തെളിയിക്കുന്നതിനുള്ള അടിസ്ഥാന രേഖ എന്താണ് എന്നുള്ളതാണ്. മലങ്കര സഭയിലെ ഇടവക പള്ളികളുടെ ഭരണക്രമം ആയി സുപ്രീംകോടതി അസന്നിഗ്ദമായി ഉറപ്പിച്ച 1934-ലെ ഭരണഘടനപ്രകാരം ഇടവക വികാരി കാലാകാലങ്ങളിൽ പുതുക്കി സൂക്ഷിക്കുന്ന ഇടവക രജിസ്റ്ററാണ് ഇടവകാംഗത്വത്തിന്റെ അടിസ്ഥാന രേഖ. ഭരണഘടനയുടെ താഴെ പറയുന്ന ആറാം വകുപ്പാണ് ഇതിനാസ്പദം:

ഓരോ പള്ളി ഇടവകയ്ക്കും ഓരോ ഇടവക രജിസ്റ്റർ ഉണ്ടായിരിക്കേണ്ടതാകുന്നു. ഇടവകയിലെ ഓരോ അംഗത്തിന്റെയും പേര് ഇടവക രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാകുന്നു. ഇടവകയിലെ ഏതെങ്കിലും അംഗം സഭയിൽനിന്നു മാറ്റപ്പെടുകയോ, മറ്റുസഭയിലേക്ക് വിവാഹം ചെയ്ത് അയയ്ക്കപ്പെടുകയോ, സ്ഥിരമായി മറ്റൊരു ഇടവകാംഗത്വം സ്വീകരിക്കുകയോ ചെയ്താൽ ഇടവകയിലെ അംഗത്വം നഷ്ടമാകുന്നതാണ്.

അതായത്, ഇടവക രജിസ്റ്ററിൽ പേരില്ലാത്തവർക്കു ഇടവകാംഗം എന്ന അവകാശവാദം ഉന്നയിക്കാനാവില്ല. തെളിയിക്കാനുമാവില്ല. മറ്റൊരു രേഖയും സ്വീകാര്യവുമല്ല. സഭാ ഭരണഘടന ഒമ്പതാം വകുപ്പനുസരിച്ച് മുൻകൂർ അനുമതി വാങ്ങാതെ മറ്റ് ഇടവകകളിൽ താൽക്കാലികമായി പോലും ഇടവക ചേരുന്നവരെ വേണമെങ്കിൽ വികാരിക്ക് പുറത്താക്കാം. കുറച്ചുകൂടി ലളിതമായി പറഞ്ഞാൽ, മാമോദീസാ, വിവാഹം മുതലായവ സ്വന്തം ഇടവകയുടെ അറിവോ സമ്മതമോ കൂടാതെ മറ്റെവിടെയെങ്കിലും നടത്തുന്നവർ ഇടവകയിൽനിന്നും പുറത്താവും. കാരണം അത് മറ്റൊരു ഇടവകയിൽ സ്ഥിരാംഗത്വം നേടുന്നതിനോ, ഇതരസഭയിൽ ചേരുന്നതിനോ തുല്യമാണ്. സമാന്തര ഭരണം പാടില്ലെന്ന സുപ്രീം കോടതിയുടെ കർശന നിർദ്ദേശം മലങ്കര മുഴുവൻ നിലനിൽക്കുന്നതിനാൽ ബദൽ വികാരിയുടെ കാർമികത്വം സ്വീകരിക്കുന്നതും ഇടവകയ്ക്കു പുറത്താകുന്നതിനു കാരണമാകാം.

കണ്യാട്ടുനിരപ്പു വിധി 2017 ജൂലൈ 3 വിധി ഈ വിഷയത്തിലെ അന്തിമ വിധിയെന്നു തീർച്ചപ്പെടുത്തിയത് *സെമിത്തേരി അവകാശ വാദി*കളുടേയും മുനയൊടിച്ചു എന്ന വസ്തുത പലരുടേയും ശ്രദ്ധയിൽ പെട്ടിട്ടില്ല. മുകളിൽ പരാമർശിച്ച 17-ാം ഖണ്ഡിക പ്രകാരം *മലങ്കര സഭയിൽ വിശ്വസിക്കുന്നുവെങ്കിൽ* മാത്രമാണ് ശവസംസ്കാര അവകാശം ഇടവകാംഗത്തിന്റെ അവകാശമാകുന്നത്. മലങ്കര സഭ, 1934 ഭരണഘടനപ്രകാരം നിയമിച്ച വികാരിയെ നിരാകരിക്കുന്നവർ എപ്രകാരം മലങ്കരസഭയിൽ വിശ്വസിക്കുന്നവരാകും? സഭാനിയമത്തിന് അനുസൃതമായി ഇടവകയിൽ വ്യാപരിക്കാത്തവർ എപ്രകാരം ഇടവകാംഗമായി തുടരും? അതായത് ഇനി നിയമാനുസൃതമല്ലാത്ത ശവസംസ്കാരങ്ങൾ അസാദ്ധ്യമാണ്. അതിനു കൂട്ടു നിൽക്കുന്നത് കോടതിയലക്ഷ്യവും.

മന്ത്രിസഭയ്ക്കും ഉപസമിതിക്കും സുപ്രീംകോടതി വിധി നടപ്പാക്കുക എന്നത് ഇന്ത്യൻ ഭരണഘടനാപരമായ ബാദ്ധ്യതയാണ്. സമാധാനപരമായ മാർഗ്ഗത്തിലും കാലവിളംബം കൂടാതെയും നടപ്പാക്കാനുള്ള മാർഗ്ഗങ്ങൾ ആരായുകയാണ് വേണ്ടത്. അല്ലാതെ വെറുതെ ചർച്ച ചെയ്ത് സമയം മിനക്കെടുത്തിയിട്ട് കാര്യമില്ല.

❑

സഭാചരിത്രം വഴിതിരിച്ചുവിട്ട ആനപ്പാപ്പിക്കൊലക്കേസ്

അഡ്വ. സജി കൊടുവത്ത്

നൂറ്റാണ്ടുകളായി ക്രൈസ്തവ സാക്ഷ്യം വഹിക്കുന്ന മലങ്കരസഭയുടെ ചരിത്രത്തിലെ അത്യന്തം ക്ഷോഭജനകമായ ദശാസന്ധി, അന്ത്യോക്യാ പാത്രിയർക്കീസ് മാർ അബ്ദള്ള മലങ്കരയിൽ എത്തിച്ചേർന്നതിനെ തുടർന്ന് സഭാവിഭജനത്തിന് വിത്തുപാകിയതാണ്.

1909 സെപ്റ്റംബർ 24-നാണ് അബ്ദള്ള പാത്രിയർക്കീസ് ഇന്ത്യയിലെത്തിയത്. മലങ്കരസഭാഗാത്രത്തിന് അക്കാലം അംഗഭംഗമോ പക്ഷാഘാതമോ ഉണ്ടായിരുന്നില്ല.


മലങ്കരയിലെത്തിയ മാർ അബ്ദള്ളാ മലങ്കരയിൽ ലൗകികാധികാരം ഉറപ്പിക്കുവാനും മലങ്കരമെത്രാന്റെ പദവിയെ താഴ്ത്തിക്കെട്ടാനും ഒരുമ്പെട്ടു. അക്കാലം മലങ്കരസഭയുടെ വൈദിക ട്രസ്റ്റി കോനാട്ട് മാത്തൻ മല്പാനും, അത്മായ ട്രസ്റ്റി സി. ജെ. കുര്യനുമായിരുന്നു. മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ പുകൾപെറ്റ പ്രാഗത്ഭ്യവും ധീരമായ വൈദിക നേതൃത്വവും ഈ പ്രമുഖരായ വൈദിക-അത്മായ ട്രസ്റ്റിമാരിൽ അസ്വാരസ്യം ഉണ്ടാക്കിയിരുന്നു.

വട്ടശ്ശേരിൽ തിരുമേനിയുടെ മുൻഗാമി സൗമ്യശീലനായിരുന്ന പുലിക്കോട്ടിൽ മാർ ദീവന്നാസിയോസിന്റെ അവസാന നാളുകളിലും കോനാട്ടു മല്പാനും സി. ജെ. കുര്യനുമായിരുന്നു മലങ്കര മെത്രാപ്പോലീത്തായുടെ കൂട്ടുട്രസ്റ്റിമാർ.

മലങ്കരസഭയിൽ ലൗകികാധികാരങ്ങൾ ഉറപ്പിക്കുന്നതിനും തന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനും എത്തിയ മാർ അബ്ദള്ളായും വൈദിക-അത്മായ ട്രസ്റ്റികളും കൂട്ടായി മലങ്കര മെത്രാപ്പോലീത്തായ്ക്കെതിരെ നിലപാടെടുത്തു.

1889-ലെ തിരുവിതാംകൂർ റോയൽ കോടതിവിധിയും 1905-ലെ കൊച്ചി മഹാരാജാവിന്റെ അപ്പീൽ കോടതി വിധിയും പാത്രിയർക്കീസിനു മലങ്കരയിൽ ലൗകികാധികാരങ്ങളില്ലായെന്നു വ്യക്തമാക്കിയിരുന്നു. ഇതിനെ മറികടക്കുവാനുള്ള കുറുക്കുവഴി തേടുന്നതിനും മലങ്കരയിൽ സ്വർണ്ണഖനി സ്വപ്നം കണ്ടുമാണു മാർ അബ്ദള്ള മലങ്കരയിലെത്തിയത്.

മലങ്കരസഭയുടെ സ്വത്വം അബ്ദള്ളാ പാത്രിയർക്കീസിന് അടിയറവു വെയ്ക്കുന്നതു സഭയെ ഒറ്റിക്കൊടുക്കുന്നതിനു തുല്യമാണെന്നു വട്ടശ്ശേരിൽ



തിരുമേനി ചിന്തിച്ചു. മലങ്കരസഭയിലെ ശക്തമായ ഒരു വിഭാഗം മാർ അബ്ദള്ളായുടെ ധനസമ്പാദന രീതികളോടും സഭയിൽ ശൈഥില്യമുണ്ടാക്കുന്ന പ്രവൃത്തികളോടും എതിർപ്പ് ഉയർത്തിയപ്പോൾ മറ്റൊരു വിഭാഗം പാത്രിയർക്കീസിനെ പിന്തുണയ്ക്കുവാൻ തയ്യാറായി. മലങ്കരസഭ ഇതു മൂലം നെടുകെ രണ്ടായി പിളർന്നു - ബാവാകക്ഷിയും മെത്രാൻ കക്ഷിയും.

പഴയസെമിനാരിയായിരുന്നു മലങ്കര മെത്രാപ്പോലീത്തായുടെ ആസ്ഥാനം. സഭയുടെ പ്രധാന സെമിനാരിയെന്ന നിലയിലുള്ള മഹിമാസ്ഥാനത്തിനു പുറമെ സഭാകേന്ദ്രവും പഴയസെമിനാരി ആയിരുന്നു. സെമിനാരിയുടെ കൈവശം

മൂന്നു ട്രസ്റ്റിമാരിലായിരുന്നു. മെത്രാപ്പോലീത്തൻ ട്രസ്റ്റിക്കെതിരെ നിലകൊണ്ടിരുന്ന വൈദിക-അത്മായ ട്രസ്റ്റിമാർ സെമിനാരി അപ്പാടെ കൈവശമാക്കുവാൻ കണ്ടുപിടിച്ച ഉപായമാണു വട്ടശ്ശേരിൽ തിരുമേനിയുടെ 'മുടക്ക്.' പാത്രിയർക്കീസ്, വട്ടശ്ശേരിൽ തിരുമേനിയെ മുടക്കിയാൽ സെമിനാരി പൂർണ്ണമായും തങ്ങളുടെ മാത്രം കൂട്ടു കൈവശമാകുമെന്നു മാത്തൻ മല്പാനും സി. ജെ. കുര്യനും സ്വപ്നം കണ്ടു. ഇവരുടെ ഇംഗിതപ്രകാരം 'മുടക്കു' കല്പന പുറപ്പെടുവിക്കുവാൻ പാത്രിയർക്കീസും തല്പരനായി.

സെമിനാരിയുടെ കൈവശം ആരിലായിരിക്കണമെന്നതു സംബന്ധിച്ചു അക്കാലം എക്സിക്യൂട്ടീവ് മജിസ്ട്രേറ്റു മുമ്പാകെ പോലീസ് നടപടി നടന്നുവന്നിരുന്നു. ഈ സമരി (Summary Case) നടപടിയിൽ വസ്തു കൈവശപ്പെടുത്താനുള്ള എളുപ്പവഴി കൂടിയായിരുന്നു വട്ടശ്ശേരിൽ തിരുമേനിയുടെ 'മുടക്ക്.' പാത്രിയർക്കീസ് മുടക്കു കല്പന അയച്ചതിനു പിന്നാലെ സമരിക്കേസിലെ കക്ഷിവർഗ്ഗത്തിൽ നിന്നും വട്ടശ്ശേരിൽ തിരുമേനിയെ ഒഴിവാക്കുവാൻ വൈദിക-അത്മായ ട്രസ്റ്റിമാർ അപേക്ഷ നൽകി. എന്നാൽ, കോട്ടയം ഡിവിഷൻ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ്, മെത്രാപ്പോലീത്തായുടെ തനതായ കൈവശം ഉറപ്പിച്ചുകൊണ്ടാണു 1912-ൽ തീർപ്പു കല്പിച്ചത്.

തുടർന്ന് വൈദിക-അത്മായ ട്രസ്റ്റിമാർ ഹൈക്കോടതിയിൽ നൽകിയ അപ്പീൽ അനുവദിച്ചു. പഴയസെമിനാരി മൂന്നു ട്രസ്റ്റിമാരുടെയും കൂട്ടുകൈവശമാണെന്നു ഹൈക്കോടതി വിധിച്ചു.

സമരിക്കേസിലെ ഹൈക്കോടതി വിധിയെ തുടർന്നാണ് കൈയേറ്റശ്രമങ്ങളും അക്രമവും പൊട്ടിപ്പുറപ്പെട്ടത്. കോട്ടയംകാരനായിരുന്ന അത്മായട്രസ്റ്റി പഴയസെമിനാരിയുടെ കൈവശം ഉറപ്പിക്കുവാൻ സ്ഥലത്തെ പ്രമുഖ ചട്ടമ്പികളുടെ സഹായം തേടി. വട്ടശ്ശേരിൽ തിരുമേനിയെ വകവരുത്തുവാനും ഒരുമ്പെട്ടുവത്രേ! മലങ്കര മെത്രാപ്പോലീത്തായ്ക്ക് അംഗരക്ഷകർ അനിവാര്യമായി. ഇക്കാര്യത്തിലേക്കു നിയോഗിക്കപ്പെട്ട പ്രധാനയാളാണ് 'ആനപ്പാപ്പി'യെന്ന വർക്കിയാശാൻ. ആനപ്പാപ്പിയുടെ രംഗപ്രവേശവും തുടർന്നുള്ള ചരിത്രവും തെളിവാർന്ന ഭാഷയിൽ ഗ്രന്ഥകർത്താക്കൾ ഈ പുസ്തകത്തിൽ വിവരിക്കുന്നു.

മലങ്കരസഭയുടെ ചരിത്രം ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ മൂന്നു അപ്രതീക്ഷിത 'ഇടിത്തീ'കളാണ്. ഒന്ന്, അന്ത്യോക്യാ പാത്രിയർക്കീസ്, മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന വട്ടശ്ശേരിൽ തിരുമേനിയെ മുടക്കിക്കൊണ്ട് ഇറക്കിയ കല്പന. രണ്ട്, ആനപ്പാപ്പി വധം. മൂന്ന്, വട്ടശ്ശേരിൽ മാർ ദീവന്നാസിയോസ് മർദ്ദീനിലെത്തി ഏലിയാസ് തൃതീയൻ പാത്രിയർക്കീസിൽ നിന്നും സമ്പാദിച്ച 'മുടക്കു പിൻവലിക്കൽ' കല്പന, അന്ത്യോക്യാ പ്രതിനിധി മാർ യൂലിയോസ് 'മുക്കി'ക്കളഞ്ഞത്.

പാത്രിയർക്കീസിന്റെ 'മുടക്കു' കല്പനയുടെ സാധുത വട്ടിപ്പണക്കേസിൽ നിർണ്ണായകമായി. അന്തിമവിധിയിൽ 'മുടക്ക്' സാമാന്യനീതിക്കെതിരാണെന്നും പാത്രിയർക്കീസിന്റെ മുടക്ക് കല്പന അസാധുവാണെന്നും തീർച്ച ചെയ്തു.

ആനപ്പാപ്പി വധത്തോടെ കോനാട്ടു മല്പാന്റെയും സി. ജെ. കുര്യന്റെയും ലക്ഷ്യം പാളി. ഇരുവർക്കും പഴയസെമിനാരിയിൽനിന്നും നിഷ്ക്രമിക്കേണ്ടി വന്നു. മലങ്കരസഭ കാതോലിക്കേറ്റ് സ്ഥാപനത്തോടെ സ്വതന്ത്ര വ്യവസ്ഥാപിത ഭരണത്തിന് അടിത്തറ പാകി. എന്നാൽ 1923-ൽ തിരുവിതാംകൂർ ഹൈക്കോടതിയിൽ നിന്നുണ്ടായ വട്ടിപ്പണക്കേസിലെ ആദ്യ വിധി പാത്രിയർക്കീസ് വിഭാഗത്തിനനുകൂലമായിരുന്നു.

അതേ വർഷം പ്രതികൂലതകൾ തരണം ചെയ്തു വട്ടശ്ശേരിൽ തിരുമേനി മർദ്ദീനിലെത്തി; ഏലിയാസ് തൃതീയൻ പാത്രിയർക്കീസുമായി സംസാരിച്ചു. മലങ്കരസഭയിൽ ഐക്യം സ്ഥാപിക്കുന്നതിന് തീരുമാനമായി. വട്ടശ്ശേരിൽ തിരുമേനിയുടെ മുടക്കു തീർക്കുന്നതായി പാത്രിയർക്കീസ് കല്പന എഴുതി. ഈ 'സമാധാന കല്പന' മാർ യൂലിയോസിനെ പാത്രിയർക്കീസ് ഏല്പിച്ചു. അദ്ദേഹവുമൊത്താണു വട്ടശ്ശേരിൽ തിരുമേനിയും സംഘവും മടങ്ങിയത്. ബോംബെയിലെത്തിയ സംഘത്തെ സഭാംഗങ്ങൾ സ്വീകരിച്ചു. വട്ടശ്ശേരിൽ തിരുമേനിയുടെ ആവശ്യപ്രകാരം മാർ യൂലിയോസ് സമാധാനകല്പന വായിച്ചു.

എന്നാൽ മാർ യൂലിയോസ് കേരളത്തിലെത്തിയശേഷം പാത്രിയർക്കീസ് വിഭാഗം നേതാക്കളുമായി കൂടിക്കണ്ടു. പിന്നീട് ഈ കല്പനയെപ്പറ്റി യൂലിയോസ് യാതൊന്നും പറഞ്ഞിട്ടില്ല, കല്പന വെളിച്ചം കാണിച്ചതുമില്ല.

അത്യാർത്തിയുടെയും അസത്യങ്ങളുടെയും വഴിതേടിയ സഭാവിഭാഗം ഒന്നി



1958-ലെയും 1995-ലെയും സുപ്രീംകോടതി വിധികൾ എല്ലാം ഇടവകപ്പള്ളികളെയും മുഴുവൻ സഭാംഗങ്ങളെയും പൂർണ്ണമായും ബാധിക്കുമെന്ന് അസന്നിഗ്ദ്ധമായി കോലഞ്ചേരി പള്ളിക്കേസിൽ സുപ്രീംകോടതി തീർച്ച ചെയ്തു. സത്യവും യാഥാർത്ഥ്യവും അജഗണങ്ങളെ പഠിപ്പിക്കുവാൻ ബാധ്യസ്ഥരായ പാലകന്മാർ അസത്യത്തിന്റെയും ദുർഗുണങ്ങളുടെയും കൂടാരങ്ങളാകുമ്പോഴാണു നരഹത്യയും ഏതാണ്ട് അതിനു തുല്യമായ ദൈവാലയ സംഘർഷങ്ങളുമുണ്ടാകുന്നത്.

നൊന്നു ക്ഷയിച്ചു. മുടക്ക്, പാപ്പിവധം, കല്പന മുക്കൽ ഇവ ഉണ്ടായിരുന്നില്ലെങ്കിൽ സഭയുടെ ഗതി മറ്റൊന്നാകുമായിരുന്നു. ഇപ്പറഞ്ഞ ഓരോ പ്രവൃത്തിയിലൂടെയും അതിന്റെ പ്രയോക്താക്കൾ നാശത്തിൽ നിന്നും കൂടുതൽ നാശത്തിലേക്കു നിപതിച്ചു.


ചരിത്രഗതി, അതിന്റെ അനിവാര്യതയിൽ അതേപ്രകാരം തുടരുന്നു. 1980-ൽ രണ്ടാം സമുദായക്കേസിൽ കേരളാ ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് (യു. എൽ. ഭട്ട് & കെ. പി. ബാലനാരായണമാരാർ) കാതോലിക്കാ പക്ഷത്തിനനുകൂലമായി വിധി പ്രസ്താവിച്ചപ്പോൾ വിധി തങ്ങൾക്കനുകൂലമാണെന്നായിരുന്നു പാത്രിയർക്കീസ് വിഭാഗം പ്രചരിപ്പിച്ചത്. തുടർന്നു സുപ്രീംകോടതിയിൽ അപ്പീൽ നൽകിയ പാത്രിയർക്കീസ് പക്ഷത്തിനെതിരായി 1995-ൽ സുപ്രീംകോടതി തീർപ്പു കല്പിച്ചപ്പോഴും നുണ പ്രചരണമാണു പാത്രിയർക്കീസ് വിഭാഗം അഴിച്ചുവിട്ടത്. ഇടവകപ്പള്ളികൾ സ്വതന്ത്ര സ്ഥാപനങ്ങളാണെന്നു സുപ്രീംകോടതി വിധിച്ചു എന്ന നട്ടാൽ മുളയ്ക്കാത്ത തർക്കം സഭാംഗങ്ങൾക്കിടയിൽ മാത്രമല്ല ഉയർത്തിയത്; തുടർന്നുണ്ടായ കോലഞ്ചേരി പള്ളിക്കേസിൽ സുപ്രീംകോടതിയിൽപോലും ഇതേ തർക്കമുയർത്തി. തത്ഫലമായി എല്ലാ ദുസ്തർക്കങ്ങളുടെയും മുനയൊടിച്ചുകൊണ്ടായിരുന്നു 2017-ലെ കോലഞ്ചേരി പള്ളിക്കേസിലുണ്ടായ സുപ്രീംകോടതിവിധി.

1958-ലെയും 1995-ലെയും സുപ്രീംകോടതി വിധികൾ എല്ലാം ഇടവകപ്പള്ളികളെയും മുഴുവൻ സഭാംഗങ്ങളെയും പൂർണ്ണമായും ബാധിക്കുമെന്ന് അസന്നിഗ്ദ്ധമായി കോലഞ്ചേരി പള്ളിക്കേസിൽ സുപ്രീംകോടതി തീർച്ച ചെയ്തു. സത്യവും യാഥാർത്ഥ്യവും അജഗണങ്ങളെ പഠിപ്പിക്കുവാൻ ബാധ്യസ്ഥരായ പാലകന്മാർ അസത്യത്തിന്റെയും ദുർഗുണങ്ങളുടെയും കൂടാരങ്ങളാകുമ്പോഴാണു നരഹത്യയും ഏതാണ്ട് അതിനു തുല്യമായ ദൈവാലയ സംഘർഷങ്ങളുമുണ്ടാകുന്നത്.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH
MY LORD AND MY GOD

വചനതീർത്ഥം



സൃഷ്ടിയുടെ വാശിയ്ക്കു സ്രഷ്ടാവിന്റെ മറുപടി

പുതുഞായറാഴ്ച (ക്യംതാ പെരുന്നാളിനു ശേഷം ഒന്നാം ഞായറാഴ്ച)
(മാർത്തോമ്മായുടെ ഞായർ, യുവാക്കളുടെ ഞായറാഴ്ച) (വി. യോഹന്നാൻ 20: 19-31)

ഫാ. വിനോദ് ജോർജ്
(മാനേജർ, വെട്ടിക്കൽ ദയറാ)

ഉയിർപ്പു ഞായറിനു (Easter) ശേഷം വരുന്ന ആദ്യത്തെ ഞായറാഴ്ചയാണ്. 'പുതുഞായർ' എന്നു പറയുന്നത്. ആദിമസഭയിൽ പുതുതായി ക്രിസ്തു മതം ആശ്ലേഷിച്ചവർ വി. കുർബ്ബാനയിൽ പൂർണ്ണമായി പങ്കുപറ്റുന്ന പ്രഥമ ഞായറാഴ്ച ഇതായിരുന്നു. ക്രൈസ്തവ ജീവിതത്തിലെ ഈ പുതിയ അനുഭവത്തിന് ആരംഭം കുറിക്കുന്ന ഞായറാഴ്ച എന്ന നിലയിലാണ് ഇതിനെ 'പുതുഞായറാഴ്ച' എന്നു വിളിച്ചു തുടങ്ങിയത്. ഉയിർപ്പു ഞായറിനെ ഹൈസൺഡേ (High Sunday) എന്ന് വിശേഷിപ്പിക്കുന്ന പാശ്ചാത്യർ പുതു ഞായറാഴ്ചയെ ലോ സൺഡേ (Low Sunday) എന്ന് പറയാറുണ്ട്.



മലങ്കരസഭയിൽ പുതുഞായറാഴ്ചയ്ക്ക് വി. മാർത്തോമ്മാശ്ലീഹായുമായി പ്രത്യേക ബന്ധം കല്പിക്കുന്നു. ഇന്നത്തെ സുവിശേഷഭാഗം (വി. യോഹന്നാൻ 20:19-31) ഇതിനുപോൽബലകമാണ്. മലങ്കര ഓർത്തഡോക്സ് സഭ യുവാക്കളുടെ ഞായറാഴ്ചയായി ഈ ദിവസം പ്രതിഷ്ഠിച്ചിരിക്കുന്നു. യുവാവായ തീമോഥിയോസിന് വി. പൗലോസ് അപ്പോസ്തോലൻ നൽകുന്ന പ്രബോധനം (2 തീമോ. 2:1-13) 'ശ്ലീഹാവായന'യ്ക്കായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

ഈ ദിവസം പുതിയതാകുന്നു. ഉയിർപ്പു ഞായറാഴ്ച രക്ഷാരഹസ്യം അടങ്ങിയതാകുന്നു. എട്ടാമത്തേതും ഒന്നാമത്തേതുമായ ഈ ദിവസം രക്ഷയെ പ്രതിഷ്ഠിച്ചു. പുതുഞായറാഴ്ച സന്ധ്യയ്ക്ക് കതകുകൾ അടച്ചിരിക്കുമ്പോൾ യേശു, മാളികയിൽ ശിഷ്യന്മാരുടെ അടുക്കൽ പ്രവേശിച്ച് തന്റെ വിശുദ്ധ വിലാവിനെയും, ചവലത്തിന്റെയും ആണിയുടെയും പഴുതുകളെയും അവർക്ക് കാണിച്ചു കൊടുത്തു.

തോമ്മാശ്ലീഹായെ വിളിച്ച് അവ കാണിച്ചപ്പോൾ അവൻ വിശ്വസിച്ച് ഏറ്റുപറഞ്ഞു, യേശുവിനെ സ്തുതിച്ചു. 'എന്റെ ദൈവവും കർത്താവുമേ' എന്നു സമ്മതിച്ചു പറഞ്ഞു. മാളികയിൽ വച്ച് ശിഷ്യന്മാരെ ധൈര്യപ്പെടുത്തി ഉറപ്പിച്ച്, അവരിൽ വിശുദ്ധാത്മാവിനെ ഊതി, അവരെ ആത്മാവും ശക്തിയും ധരിപ്പിച്ചും ദൈവത്വത്തിലെ പുതുവീഞ്ഞ് കുടിച്ച് യേശുവിന്റെ ശക്തിയാൽ അവരെ ബലപ്പെടുത്തുകയും ചെയ്തു.

പുതുഞായറാഴ്ച

മനുഷ്യനും പ്രപഞ്ചത്തിനും നൽകുന്ന പുതുക്കം എന്ന ആശയം ഇവിടെ മുന്തിനിൽക്കുന്നു. യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പാണ് പ. സഭയുടെ അടിസ്ഥാനം. യേശുവിന്റെ ജനനവും ജീവിതവും മരണവും മാത്രമാണ് ഈ ലോകത്ത് സംഭവിച്ചിരുന്നെങ്കിൽ ക്രിസ്തീയ സഭയും സമൂഹവും ഇവിടെ ഉണ്ടാവുകയില്ലായിരുന്നു. മരണത്തിനുശേഷമുള്ള ഉയിർപ്പാണ് പ. സഭ എന്ന സത്യം നിലവിൽ വരുവാൻ കാരണമായത്. ക്രിസ്തീയ സമൂഹത്തിന്റെ ജനനവും അടിസ്ഥാനവും മൂലബിന്ദുവും യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിലാണ് നാം കണ്ടെത്തുന്നത്. സഭയുടെ ഒന്നാം ദിനമാണ് ഈസ്റ്റർ. അതിനു ശേഷം വരുന്ന ഒന്നാം ഞായർ വിശ്വാസികൾക്ക് പുതിയ ഞായറാഴ്ചയാണ്.

ആദിമ നൂറ്റാണ്ടുകളിൽ ക്രിസ്തീയ സഭയിലേക്ക് അനേകം പേർ കടന്നുവന്നിരുന്നു. സഭയിലേക്ക് ചേരുവാൻ വന്നവരെ, പ. മാമോദീസാ നടത്തിയാണ് സഭാംഗങ്ങൾ ആക്കിയിരുന്നത്. ചേരുവാൻ വന്നാലുടൻ വി. മാമോദീസാ നൽകുകയല്ല ചെയ്തിരുന്നത്. അങ്ങനെയുള്ളവരെ സഭ എന്താണ്? വിശ്വാസം, ചരിത്രം, പാരമ്പര്യം ഇവയെല്ലാം അവരെ പഠിപ്പിക്കും. നീണ്ടനാൾ എടുത്താണ് പഠിപ്പിക്കുന്നത്. പ്രത്യേകിച്ച് വലിയ നോമ്പിന്റെ ദിവസങ്ങളിലാണ് അവരെ പഠിപ്പിച്ചുകൊണ്ടിരുന്നത്.

ഉയിർപ്പു പെരുന്നാളിലാണ് നാലാം നൂറ്റാണ്ടു മുതൽ സ്നാനാർത്ഥികൾക്ക് മാമോദീസാ നൽകിയിരുന്നത്. അന്നു മാത്രമേ മാമോദീസാ ഉണ്ടായിരുന്നുള്ളൂ.

ഹേവോറോ നാളുകൾ

ഉയിർപ്പു മുതൽ പുതുഞായറാഴ്ച വരെയുള്ള ദിവസങ്ങൾക്കാണ് ഹേവോറോ ദിനങ്ങൾ എന്നു പറയുന്നത്. 'ഹേവോറോ' എന്ന സുറിയാനി വാക്കിന് 'വെണ്മ' എന്നാണ് അർത്ഥം. ഉയിർപ്പു പെരുന്നാളിലാണ് നാലാം നൂറ്റാണ്ടു മുതൽ സ്നാനാർത്ഥികൾക്ക് മാമോദീസാ നൽകിയിരുന്നത്. സ്നാനമേറ്റവർ പ്രാപിച്ച വിശുദ്ധിയുടെ അടയാളമായി അവരെ വെള്ള വസ്ത്രങ്ങൾ ധരിപ്പിച്ചിരുന്നു. തുടർന്നുള്ള ദിവസങ്ങളിൽ അവർ ശുഭ്രവസ്ത്രങ്ങൾ ധരിച്ചു മാത്രമേ വെളിയിൽ സഞ്ചരിച്ചിരുന്നുള്ളൂ. മറ്റു വിശ്വാസികളും അവരുടെ സ്നാനത്തിന്റെ വാർഷികമെന്ന അർത്ഥത്തിൽ ഉയിർപ്പു പെരുന്നാൾ തൊട്ടുള്ള ദിവസങ്ങളിൽ വെള്ള വസ്ത്രങ്ങളാണ് ധരിച്ചിരുന്നത്. ഇക്കാരണത്താലാണ് ഈ ദിവസങ്ങൾക്ക് 'ഹേവോറോ നാളുകൾ' അഥവാ 'വെണ്മയുടെ ദിനങ്ങൾ' എന്ന പേരുണ്ടായത്.

'നിങ്ങൾക്ക് സമാധാനം'

ക്രിസ്തു ഇന്നും ജീവിക്കുന്നു എന്ന വലിയ പ്രത്യാശയുടെ വാക്കുകളാണ് നാം ഇന്ന് കേൾക്കുന്നത്. സമാധാനത്തിന്റെ ആശംസ സ്ത്രീകൾക്കും ശിഷ്യന്മാർക്കും കർത്താവ് നൽകുന്നു. ഭയത്തിലും നിരാശയിലും കഴിയുന്നവരുടെ ഹൃദയങ്ങളിൽ പ്രത്യാശയുടെ പുതുവെളിച്ചമായി കർത്താവ് സമാധാനാശംസ നൽകുന്നു. കർത്താവിന്റെ ജനനസമയത്തും (വി. ലൂക്കോസ് 3:14) പുനരുത്ഥാന ദിവസവും (വി. മത്തായി 28:9) പുതുഞായറാഴ്ച ദിവസവും (വി. യോഹന്നാൻ 20:19, 21, 26) 'നിങ്ങൾക്ക് സമാധാനം' എന്ന ആശംസ, ആവർത്തിച്ച് നാം കേൾക്കുന്നു.

വി. യോഹന്നാൻ 14:21 'സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചു പോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു. ലോകം തരുന്നതുപോലെ അല്ല, ഞാൻ നിങ്ങൾക്കു തരുന്നത്; നിങ്ങളുടെ ഹൃദയം കലങ്ങരുത്, ഭ്രമിക്കയും അരുത്.' യേശുക്രിസ്തുവിന്റെ സമാധാനം സ്വീകരിപ്പാനും ആ സമാധാനത്തിൽ ജീവിക്കുവാനും നമുക്ക് സാധിക്കണം.

തോമ്മാശ്ലീഹായുടെ വാശി

ഉയിർത്തെഴുന്നേറ്റ ക്രിസ്തു ശിഷ്യന്മാർക്ക് ആദ്യം പ്രത്യക്ഷപ്പെട്ടപ്പോൾ, തോമ്മാശ്ലീഹാ ഇല്ലായിരുന്നു. സഹശിഷ്യന്മാർ 'ഞങ്ങൾ കർത്താവിനെ കണ്ടു' എന്നു പറഞ്ഞപ്പോൾ 'ഞാൻ അവന്റെ കൈകളിൽ ആണിപ്പഴുതു കാണുകയും ആണിപ്പഴുതിൽ വിരൽ ഇടുകയും ചെയ്തിട്ടല്ലാതെ വിശ്വസിക്കുകയില്ല' (വി.

യോഹ 20:25) എന്നു തോമസ് വാശിപിടിച്ചു പറഞ്ഞു.

തോമ്മാശ്ലീഹായുടെ വാശിയ്ക്കു മുമ്പിൽ യേശു 'കീഴടങ്ങി' കൊടുത്തു. എട്ടുദിവസം കഴിഞ്ഞ് ശിഷ്യന്മാർ പിന്നെയും അകത്തു കൂടി ഇരിക്കുമ്പോൾ തോമസും ഉണ്ടായിരുന്നു. കർത്താവ് തോമസിനെ വിശ്വാസത്തിൽ ഉറപ്പിക്കുകയായിരുന്നു. സ്രഷ്ടാവായ കർത്താവ് സൃഷ്ടിയായ തോമസിന്റെ വാശിക്കു മുമ്പിൽ ഉത്തരമായി.

യേശുക്രിസ്തുവുമായുള്ള സ്നേഹബന്ധം തീവ്രമായി നിലനിർത്തിയ തോമസിനു വാശിപിടിക്കുവാൻ അവകാശവും സ്വാതന്ത്ര്യവും ഉണ്ടായിരുന്നു. സൃഷ്ടിയുടെ സ്നേഹത്തിന്റെ മുമ്പിൽ സ്രഷ്ടാവായ ദൈവം വിനീതനായി ത്തീർന്ന കാഴ്ചയാണ് നാം കാണുന്നത്. യേശുവുമായുള്ള സ്നേഹബന്ധം നിലനിർത്തുമ്പോൾ, നമുക്കും വാശിപിടിക്കുവാൻ ദൈവം അവകാശവും സ്വാതന്ത്ര്യവും നൽകും.

'എന്റെ കർത്താവും എന്റെ ദൈവവുമേ'

കർത്താവിന്റെ ദൈവത്വവും മഹത്ത്വവും വ്യക്തിത്വവും അംഗീകരിച്ചു കൊണ്ട് നടത്തിയ ഏറ്റവും ദൃഢവും പ്രൗഢവുമായ ഒരു ഏറ്റുപറച്ചിൽ ആയിരുന്നു ഇത്. വി. വേദപുസ്തകത്തിൽ നിരവധി തവണ ക്രിസ്തുവിന്റെ ദൈവത്തെ അംഗീകരിച്ചുകൊണ്ടുള്ള ഏറ്റുപറച്ചിൽ കാണാവുന്നതാണ്.

വി. മത്തായി 16:16 ശീമോൻ പത്രോസ് 'നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു' എന്നു പറയുന്നു. പിശാചുക്കളാൽ (വി. മർക്കോസ് 5:7), ശതാധിപനാൽ (വി. മർക്കോസ് 15:39), നഥാനിയേലിനാൽ (വിയ യോഹന്നാൻ 1:49), ശമര്യക്കാരാൽ (വി. യോഹന്നാൻ 4:42) തുടങ്ങിയവയെല്ലാം ആയതിനു ഉദാഹരണങ്ങളാണ്. മാർത്ത പറയുന്നു, വിയ യോഹന്നാൻ 11:27 'കർത്താവേ, ലോകത്തിൽ വരുവാനുള്ള ദൈവപുത്രനായ ക്രിസ്തു നീ തന്നേ എന്നു ഞാൻ വിശ്വസിച്ചിരിക്കുന്നു.' ❑

'നിശബ്ദത'യുടെ ആത്മീയ അർത്ഥം

ഫിലിപ്പോസ് റമ്പാൻ
('ജ്യോതിസ് ആശ്രമം, അബു റോഡ് - രാജസ്ഥാൻ)



വാക്കുകളുടെയും പെരുമാറ്റത്തിന്റെയും തലത്തിൽ നാമിന്നും ഉയരുവാനുണ്ട് കഠിന വാക്കുകൾക്ക് സൗമ്യ മനസ്സുകളെ സ്പർശിക്കുവാൻ സാധിക്കുകയില്ലെങ്കിലും,, സൗമ്യ വചസ്സുകൾക്ക് ഏതു കഠിന ഹൃദയത്തേയും സ്വാധീനിക്കുവാൻ സാധിക്കും എന്ന ചിന്ത നമ്മെ ഭരിക്കണം. 'ഇവർ നിന്റെ നേരെ ഇത്രയേറെ ആരോപണങ്ങൾ ഉന്നയിച്ചിട്ടും നീ ഒരു മറുപടിയും പറയുന്നില്ലല്ലോ ' എന്ന് പീലാത്തോസ് അദ്ഭുതപൂർവ്വം യേശുവിന്റെ നിശബ്ദത കണ്ടു ആരായുന്നുണ്ട്. എതിരാളികളുടെ വാചക കസർത്തുകൾക്കും കള്ള സാക്ഷ്യങ്ങൾക്കുമിടയിൽ ന്യായമായതുപോലും മറച്ചുപിടിക്കുന്ന, മൗനത്തോടെ അതിനെയെല്ലാം അഭിമുഖീകരിക്കുന്ന യാതൊരു അവകാശവാദവും ഉന്നയിക്കാത്ത യേശു നമുക്ക് എന്നും ഒരു ധ്യാന ചിന്തയാകണം.




ഞാൻ തന്നെ വഴിയും സത്യവും ജീവനുമാണെന്ന് പഠിപ്പിച്ചവൻ, എന്താണ് സത്യമെന്ന പീലാത്തോസിന്റെ ചോദ്യത്തിനുമുമ്പിൽ നിശബ്ദനായി നേരിട്ടു കണ്ടിട്ടും, അറിയാത്തവനോട് നിശബ്ദതയിലെ 'സത്യസത്ത' ഉൾക്കൊള്ളാത്തവനോട് വിശകലനം നടത്തേണ്ട ആവിശ്യമില്ല എന്നു തമ്പുരാൻ ഉറപ്പിക്കുകയായിരുന്നു. ഒരു ന്യായീകരണവും നടത്താതെ മൗനതയിൽ എല്ലാം സഹിക്കുന്ന തമ്പുരാൻ ചുറ്റുപാടുകളിൽ നിന്ന് അകന്നു മരുഭൂമിയിൽ ഏകനായിരുന്ന് പിതാവിനോട് സംവേദിക്കുന്ന പുത്രനോട് വാചാലതയുടെ നൂതന സൂത്രവുമായി പുതിയ ഓഫറുകളുമായി സാത്താൻ രംഗപ്രവേശനം ചെയ്യുന്നു. പക്ഷേ തമ്പുരാൻ വളരെ സമചിത്തതയോടെ ചുരുങ്ങിയ വാക്കുകളിലൂടെ അവനെ നേരിടുന്നു. സ്തുതികളിന്മേൽ അധിവസിക്കുന്നവൻ മാലാഖമാരുടെ സ്തുതിപ്പുകൾ ഒത്തിരി കേട്ടതാണ് ഇനിയുള്ളൊരു സ്തുതിപ്പും അതിനു സമവുമല്ല. മാലാഖമാരുടെ സ്തുതിപ്പും പിതാവിന്റെ സാക്ഷ്യവും കേട്ടവൻ നിശബ്ദതയോടെ അതിജീവിക്കുന്നു (എന്നതാണ് മൗനത്തിന്റെ ആത്മീക അർത്ഥം).

മഹാപുരോഹിത പ്രാർത്ഥനക്ക് ദീർഘസമയം ചിലവഴിച്ചവൻ പെസഹാനുഭവത്തിലും പീഡാനുഭവത്തിലും ഉച്ചരിച്ചവാക്കുകൾ പരിമിതമായിരുന്നു. ദീർഘങ്ങളായ ഉപദേശങ്ങളെക്കാളുപരി സഹനത്തിന്റെയും ത്യാഗത്തിന്റെയും ശബ്ദരഹിതവും രൂപരഹിതവുമായ സത്തകളാണ് തമ്പുരാനിവിടെ സംവേദിപ്പിച്ചത്. കുറച്ച് സംസാരിച്ച് കൂടുതൽ പ്രവർത്തിക്കുന്ന ക്രിസ്തു. ഇന്നു പരസ്യങ്ങളുടെ അതിപ്രസരമുള്ള ലോകമാണല്ലോ? കുറച്ചുള്ളതിനെപ്പോലും ഊതിവീർപ്പിച്ചു കാണിക്കുവാനാണ് മനുഷ്യൻ താല്പര്യം മാത്രമല്ല അവനവനെ തന്നെ ഉയർത്തിക്കാണിക്കാനാണ് എല്ലാവർക്കും താല്പര്യം ഇവിടെയാണ് ക്രിസ്തുവിന്റെ മൗനത്തിന്റെ പ്രാധാന്യം നാം മനസിലാക്കേണ്ടത്. ക്രൂശിന്മേൽ പ്രാണനെ വെടിഞ്ഞ സമയത്ത് ദേവാലയത്തിന്റെ തിരശ്ശീല മുകൾതൊട്ട് അടിയോളം ചീന്തിപ്പോയി എന്നു നാം വായിക്കുന്നു. ക്രിസ്തീയ ആരാധനയുടെയും ബലി അർപ്പണത്തിന്റെയും പുതിയ ഒരു രൂപമാണിവിടെ നാം കാണുന്നത് തന്റെ ദേഹമെന്ന തിരശ്ശീലയാണ് ഇവിടെ ചീന്തിയത്. പ്രതീകാത്മകമായി യേശുപ്രാണനെ വെടിഞ്ഞ അനുഭവം ആണ് ഇവിടെ പ്രകടമാക്കുകയായിരുന്നു. പിതാവിനോട് സമനായവൻ ഉന്നതത്തിൽ നിന്നിറങ്ങി പാപികളായവർക്കുവേണ്ടി ജീവൻ ഹോമിച്ച ദിവ്യാനുഭവമാണ് മുകൾതൊട്ട് അടിയോളം ചീന്തിയ തിരശ്ശീല നമ്മെ പഠിപ്പിക്കുന്നത്. അതായത് ഇനിമുതൽ ദേവാലയങ്ങളിൽ അനുഷ്ഠിക്കുവാൻ പോകുന്ന തിരുശരീര രക്തങ്ങളുടെ ആഘോഷവും പ്രതിഷ്ഠയുമാണ് ചീന്തിയ തിരശ്ശീലയുടെ സന്ദേശം ഇവിടെ തനിക്ക് സമൂഹത്തോട് വിളിച്ചുപറയുവാനുള്ളത് എല്ലാം പ്രകൃതിതന്നെ കാണിച്ചു കൊടുക്കുന്നു. ഇവിടെ വലിയ വാചാലതയുടെയോ പ്രകടനങ്ങളുടെയോ ആവിശ്യമില്ല എല്ലാം ആ നിശബ്ദതയിൽ പ്രകടമായിരുന്നു.

ശബ്ദകോലാഹലങ്ങൾ നിറഞ്ഞ ഇന്നത്തെ ലോകത്തിൽ മനുഷ്യൻ മൗനത്തിനോ, ശാന്തതക്കോ യാതൊരു പ്രാധാന്യവും കൊടുക്കാറില്ല എല്ലാം ആഘോഷ തിമിർപ്പിൽ ആരാധനയും അനുഷ്ഠാനങ്ങളുമെല്ലാം അലിഞ്ഞുപോകുമ്പോൾ നമ്മുടെ ജീവിതത്തിൽ മൗനത്തിന്റെയും ശാന്തതയുടെയും അവസരങ്ങളെ കണ്ടെത്തുവാൻ നമുക്ക് സാധിക്കണം ക്രിസ്തു തന്റെ ജീവിതത്തിൽ എപ്പോഴും ഈ മൗനത്തെയും ശാന്തതയെയും അനുഭവിക്കുവാൻ ശ്രദ്ധിച്ചിരുന്നു. നമ്മുടെ പിതാക്കന്മാരുടെ ജീവിതത്തിലും ഇത് നമുക്ക് കാണുവാൻ സാധിക്കും ആയതിനാൽ ആഘോഷതിമിർപ്പിന്റെ പുറകെ പോകാതെ ഒന്നു ശാന്തമായി ഇരുന്നു ഈ മൗനത്തിന്റെ സൗന്ദര്യത്തെ നമ്മുടെ ജീവിതത്തിൽ അനുഭവിക്കുവാൻ നമുക്കു സാധിക്കട്ടെ.

Church Calendar



Christ is Risen! Indeed He is Risen!!!

New Sunday

Fr. Dr. Joshi Varghese, Bhilai

(Diocesan Education Officer & PRO, Calcutta Diocese)

St. John 20:19-31

Bhilai, our place, is again under lockdown to curb the rising surge of Covid 19 pandemic. Our whole family has been in isolation already, as we developed viral fever symptoms. The Gospel passage for the New Sunday also refers to similar lockdown situation

a. We are lost!

The great tragedy is not that the disciples are in the same house behind the same locked doors. That's just their starting place. The great tragedy will be if the disciples refuse to unlock the doors, refuse to open the doors, and refuse to get out the house.

What are the doors that are locked in your life? What are the things that have kept you stuck in the same place? That's just the starting place. Don't judge it as good or bad, right or wrong. It's just where you are and it's the place Christ shows up. It happened twice in today's gospel. Both times the disciples are in the same house behind the same locked doors and Jesus shows up. He stands in the midst of them. The walls and the locked doors of their house could not keep Jesus out. And the walls and locked doors of your house will not keep him out.

He steps into the midst of our house, through the locked doors, and breathes peace and life into us. He breathes peace and hope into us. He breathes peace and courage into us. He breathes peace and strength into us. And that breath of peace is the key that unlocks the door. So take a deep breath, take it all in, let it fill and enliven you. Let it give you the hope, courage, and strength to unlock and open the doors of your life, and then get out of the house.

b. Hope Unleashed

Christ's resurrection is a big deal; The empty tomb is a life changing event; The resurrection does make a difference in our lives; and It also takes time. It's the empty tomb of Jesus that gives us HOPE! Hope in the here-in-now and hope in the here-after!

The HOPE of forgiveness. The HOPE of peace. The HOPE of assurance. The HOPE of Heaven. And that HOPE is centred in the person of Jesus Christ.

With your HOPE in the resurrected Jesus ... you can make it!

Resurrection takes time. It is not a one-time event. It's something that we grow into. It's a process. It's a way of being and a life to be lived. By the grace of God we evolve into resurrected people through our relationships and the circumstances of our lives. God wastes nothing. Every day we are stepping into the resurrected life. It's not always easy and some days are just plain hard.

c. St. Thomas, the courageous

We see the courageous Thomas when disciples hesitate to go to Jerusalem; "Let's go to Jerusalem to die with him" (Jn 11:16). He is probably the only Apostle who dared to go outside Roman empire to preach. After the crucifixion of Jesus he was courageous to step out when others were frightened locked down in room.

Let us ask ourselves, are we not the same as St. Thomas as well? Are we not like Him at times, doubting our God and not realising that we have done so? How many times has it been in our lives that we have questioned God's love and decision for us? We are just like St. Thomas in our ways, and just like the other disciples and Apostles whom Jesus had called, all sinners alike before God and men.

St. Thomas himself did not doubt any longer, and believed from then on wholeheartedly. It was told by sacred tradition that St. Thomas travelled to many places evangelising among the Babylonian , Persians and Indians, spreading the Good News to them. He brought the gospel of Christ to India. He died a martyr after he was run through spear. That doesn't sound much like a doubter, does it? It sounds like someone who grew and changed, someone for whom the resurrection of Christ was real, someone for whom the empty tomb made a difference. It just took a little time, as it does for most, maybe all of us.

Otherwise, how we would explain his hard work and effort, and the thriving Christian communities which he had established two millennia ago and yet still thriving even until this very day? All those Christians did not come about from nothing, but through the effort and the hard works of the Apostles and their successors, from all the faith and hard work done by St. Thomas the Apostle, a doubter turned a firm believer of Christ.

Now, all of us must realise that the works of St. Thomas, the Apostles and all the disciples of the Lord are yet incomplete, as the commands of the Lord still stand true even to this day. He has commanded all of them to go forth to all the nations and to preach the Good News to all the peoples, calling them to repentance and to accept the Lord as their Saviour and their God.

Conclusion

Thomas – simple, loyal, loving, straightforward, down to earth, direct — who didn't understand but wanted to, who longed to follow Jesus but who needed to know the way — Thomas didn't doubt the Lord; he doubted the word of his friends! Thomas found it highly unlikely that the Lord was Risen because he was surrounded by a group of witnesses whom he simply did not find credible.

There is an ancient saying in the Eastern Church: If you want to know if Jesus is really Risen, look around you at the faces at the Easter vigil. What would he read on our faces? What do we read on one another's faces? This question has everything to do with the ultimate success of the new evangelization.

We need to look like a credible community, a community that has seen the Lord and been transformed.

Let us all therefore be exemplary in all of our words, actions and deeds, be filled with love and joy in all of them, truly showing everyone that we really are faithful people of God, who completely place our trust in Him, and who walk in His path without hesitation and doubt. Let us ask the Lord to strengthen our faith in Him, especially when we are faced with challenges, with difficulties, temptations and doubt. St. Thomas the Apostle, pray for us always, pray that we will be strong in faith. Amen. ❑

സമകാലികം

നമുക്കൊരു കൊടിക്കീഴിൽ നില്ക്കാം

എന്താ ഹേ! രാഷ്ട്രീയം നോക്കി വോട്ട് ചെയ്യാമെങ്കിൽ രാഷ്ട്രീയം ആയിക്കൂടെ? വൈദികർ രാഷ്ട്രീയ കൊടികൾ പിടിക്കുന്നതിനെപ്പറ്റി പൊതുജനങ്ങൾ ചൂടേറിയ ചർച്ചകൾ നടത്തുന്നു...

അഭിപ്രായങ്ങൾ മൗലികമാണ്. നിങ്ങളും പറഞ്ഞുകൊള്ളൂ, പക്ഷേ സീമകൾ ലംഘിക്കരുതെന്ന് മാത്രം.

അച്ചന്മാർ തങ്ങളുടെ എതിർ പാർട്ടിയിലുള്ളവരാകുമ്പോൾ അവരെ ആധിക്ഷേപിക്കുന്നതിലും തെറി വിളിക്കുന്നതിലും ന്യായീകരണമില്ല. അത് രാഷ്ട്രീയ മാടമ്പിത്തരങ്ങളുടെ ഭാഗം മാത്രം!. ചുക്കു പോലെ ചില അച്ചൻമാർ എല്ലാ പാർട്ടികളിലുമുണ്ട് താനും.

രാഷ്ട്രീയം (Politics)എന്ന വാക്ക് ആവിർഭവിച്ചത് പൊതുനന്മയെ അഥവാ നഗര നൻമയെ കരുതിയാണ്. അതിനുവേണ്ട ആദർശ പാഠങ്ങളും സിദ്ധാന്തങ്ങളും നൽകിയ യവനാചാര്യന്മാരുടെ ഗ്രന്ഥങ്ങൾ ഇന്നും നിലവിലുണ്ട്.

ആ രാഷ്ട്രത്തിലെ ഏറ്റവും ജ്ഞാനിയും ആദർശവാദിയുമായ ഒരാൾ രാജാവാകണം (Philosopher king) എന്ന സിദ്ധാന്തമായിരുന്നു രാഷ്ട്ര മീമാംസയിലെ (Political science) ഏറ്റവും ഉജ്ജ്വലമായ പാഠം. ഈയുള്ളവൻ ഐച്ഛികമായി പഠിച്ചത് ഈ വിഷയം തന്നെയായിരുന്നു.

എന്നാൽ ത്യാഗധനനായ ഒരു ആദർശവാദി രാജാവാകുക എന്ന സങ്കല്പമൊക്കെ അസ്ഥാനത്തായിപ്പോയി. എത്രതന്നെ വിപ്ലവങ്ങളും ആദർശങ്ങളും പറഞ്ഞ് അധികാരത്തിലേറിയവരാണെങ്കിലും കാലം ചെല്ലുംതോറും മുതലാളിത്തത്തിൻറെ വകഭേദങ്ങളായി അതൊക്കെ മാറി. കാലം സാക്ഷി, ചരിത്രം സാക്ഷി.

അങ്ങനെ ഒരു ആദർശ രാഷ്ട്രീയത്തിന്റെ നിഴൽ പോലും കണ്ടുപിടിക്കാനില്ലാത്ത ഇന്നത്തെ സംഘടനാ പ്രവർത്തനങ്ങൾ ലക്ഷ്യം വയ്ക്കുന്നത് ഭരണ രാഷ്ട്രീയമാണ് എന്നത് പകൽ പോലെ വ്യക്തം.

രാഷ്ട്രബോധവും രാഷ്ട്രീയ ചർച്ചകളും അനിവാര്യമാണ് എന്നിരിക്കെ, കറപുരളാത്ത ഒരു ബദൽ ജനസേവനത്തെയല്ലാതെ നിലവിലെ സംഘടനകളെ പരസ്യമായി കൂട്ടുപിടിക്കുന്നത് അബദ്ധമാണെന്നാണ് എളിയ പക്ഷം. അനുഭാവമോ, പിന്തുണയോ ഉള്ളിലൊതുക്കുന്നതാണുചിതം. അത് തുറന്നു കാട്ടുന്നതിലൂടെ 'നിഷ്പക്ഷമതി' എന്ന് വൈദികനു നൽകിയിരിക്കുന്ന സാമൂഹിക പദവിക്ക് കോട്ടം തട്ടുകയാണ്.

കഴിഞ്ഞ ദിനവും നാം കണ്ടു രാഷ്ട്രീയ അരുംകൊല. കാലാകാലങ്ങളിൽ ചത്തവനും കൊന്നവനുമെല്ലാം ഓരോ സംഘടനാ വക്താക്കളാണ്. ഏതെങ്കിലുമൊക്കെ തരത്തിൽ സായുധമാകുന്ന രാഷ്ട്രീയ നിലപാടുകൾ. കേരളത്തിൽ വർഗീയ സംഘട്ടനങ്ങളും വലിയതോതിലാണ് പെരുകുന്നത്. മധ്യേഷ്യയെ തകർക്കുന്ന ഐ എസ് പോലുള്ളവയുടെ വർഗ്ഗഭ്രാന്ത് നമുക്കിനിയും പാഠമാകുന്നില്ല. പറയാതെ വയ്യ നിലവിലുള്ള രാഷ്ട്രീയബോധം പിടിച്ചടക്കലിന്റേതാണ്, വില കൊടുത്തു വാങ്ങലിന്റേതാണ്, കുതിരക്കച്ചവടത്തിന്റേതാണ്.. ആദർശബോധമുള്ള ഒന്നോ രണ്ടോ നേതാക്കന്മാർ ഉണ്ടായിട്ടൊന്നും കാര്യമില്ല. ഈ പരിസരം വൈദികർക്ക് തികച്ചും അനഭിമതമാണ്.



വിപ്ലവങ്ങൾ ഉണ്ടാകണം! പക്ഷേ ആ ഭാഗത്ത് വിശക്കുന്നവൻ മാത്രമേ ഉണ്ടാകാവൂ. 'വിമോചനം' എന്നൊക്കെപ്പറയുന്നത് അതാണ് അർത്ഥമാക്കുന്നത്.



അതിഭക്ഷണത്താൽ ദഹനക്കേട് പിടിച്ചവരുടെ ഏമ്പക്കങ്ങൾക്ക് വേണ്ടിയുള്ള താളമാകരുത് വൈദിക ചലനങ്ങൾ.

മുഖ്യധാരയിൽ ചവിട്ടുന്നതിന് മുമ്പ് വിശുദ്ധ മദ്ബഹായുടെ പടികളിൽ വിശുദ്ധ പട്ടം ഏൽക്കാനായി മുട്ടുകുത്തി നിന്ന ഒരു ഓർമ്മയുണ്ടാകണം. ക്രിസ്തുവിൽ എല്ലാം അടിയറവ് വയ്ക്കുകയാണവിടം. പിതാവ് പറയുന്നത് ഏറ്റുപറയുകയും പിതാവ് തള്ളിപ്പറയുന്നതിന് തള്ളിപ്പറയുകയും ചെയ്യാമെന്ന് ഒപ്പിട്ടു നൽകിയ കുരിശുമുദ്ര...

കുപ്പായം വിലകൊടുത്തു വാങ്ങിയ ആറുമീറ്റർ വെള്ളത്തുണിയാണെന്നു പറയരുതേ! നാലുവിരൽ മാത്രം ആയുസ്സിനു നീളമുള്ള ആകുലത നിറഞ്ഞ കേവല മനുഷ്യനെ പുതപ്പിക്കുന്ന തേജോവസ്ത്രമാണത്.

വസ്തു തർക്കത്തെ തുടർന്ന് സ്വന്തം അപ്പനെ പേരു വിളിച്ച മക്കളുണ്ടായിട്ടുണ്ട്. വീതം വെപ്പുകളിൽ അകപ്പെട്ടു പോയാൽ അനിഷ്ട വിഭാഗം വിളിക്കുന്ന പേരുകൾ പൊതുസമ്മതനായ ആത്മീയ ആചാര്യനു അലങ്കാരങ്ങളാകില്ല തീർച്ച!

ആദ്യം ഒരാൾ പിന്നെ മറ്റൊരാൾ ഇങ്ങനെ ഓരോരുത്തരായി വൈദികർ രംഗപ്രവേശം ചെയ്യുകയാണ് രാഷ്ട്രീയത്തിൽ. ആർക്കൊക്കെയോ വേണ്ടി ആദ്യം വായടച്ച സഭ ഇപ്പോൾ ശരിക്കും വിയർക്കുകയാണ്. പൂച്ചയ്ക്കാര് മണി കെട്ടും?.

പുരോഹിതരായ മക്കൾ അനീതി പ്രവർത്തിക്കുന്നത് കണ്ടിട്ടും ശാസിക്കാത്ത പ്രവാചകനോട് ദൈവം ചോദിക്കുന്ന ഒരു ചോദ്യമുണ്ട്

"നീ നിന്റെ പുത്രന്മാരെ എന്നെക്കാൾ ബഹുമാനിക്കുന്നതെന്ത്? "

(ശമു. 2.29). ഈ പുരോഹിത രൊക്കെ അവരുടെ വിവേചനമില്ലായ്മയിൽ അകപ്പെട്ടു പോയതാകാം. പക്ഷേ, തിരുത്തേണ്ടവർ എവിടെ? വായ തുറന്ന് എന്തെങ്കിലും പറയുന്ന ഗുരുക്കന്മാരെ നാം തെറിപറഞ്ഞു മൂലയ്ക്ക് ഇരുത്തിയിരിക്കുകയല്ലേ?

ഇലക്ഷൻ ഭാഷയിൽ ഉപസംഹരിക്കട്ടെ!

സ്വന്തം വിജയം ഉറപ്പാക്കാതെ മുന്നണി നിലനിൽക്കയില്ല. ഓരോ പുരോഹിതൻ (മുൻപേ ഹിതമറിയുന്നവൻ) പരാജയപ്പെടുമ്പോഴും ക്രിസ്ത്യാനിത്വമാണ് തകരുന്നത്.

- മുകളിലച്ചൻ